# ദളങ്ങൾ





# ആമുഖം

**പു**തിയ കാലത്തിനും തലമുറക്കും വായനയുടെയും ആസ്വാദനത്തിന്റെയും വിസ്മയത്തിന്റെയും അനന്തമായ ലോകത്ത് വിവര സാങ്കേതികവിദ്യയെ മുന്നിൽ നിർത്തി തിരക്കിനിടയിലും ഒത്തിരി അനുഭവങ്ങൾ പങ്കുവെച്ചും കുഞ്ഞു കഥകളും കവിതകളും ലേഖനങ്ങളുമായി പ്രതിഭാശാലികളായ വിദ്യാർഥികളുടെയും അധ്യാപകരുടെയും ശ്രമഫലമായി **"ദളങ്ങൾ"** വിരിയുന്നു.....

മാനേജർ



മേലാറ്റൂർ പത്മനാഭൻ

# സന്ദേശം

പൊതുവിദ്യാലയങ്ങളിലെ വ്യത്യസ്തമായ പ്രവർത്തനങ്ങളുടെ ഭാഗമായി 2018 തുടക്കം കുറിച്ച ഒരു യൂണിറ്റ് ആണ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കിടയിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ പുതിയ രൂപഭാവങ്ങളെ ആധുനികതയുടെ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് കാലത്തിനൊപ്പം സഞ്ചരിക്കാൻ അധ്യാപകരെയും കുട്ടികളെയും സഹായിക്കുന്ന പദ്ധതികളുമായി കൊണ്ടാണ് ലിറ്റിൽ കൈറ്റ്സ്ന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത് വണ്ടൂർ സബ് ജില്ലയിലെ ഏറ്റവും കൂടുതൽ ക്ലാസ്സുറികൾ ഹൈടെക് ആയിട്ടുള്ള സ്കൂളാണ് മേലാറ്റൂർ ആർ എം ഹയർ സെക്കൻഡറി സ്കൂൾ ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരസാങ്കേതികവിദ്യയിൽ വൈവിധ്യങ്ങളായ പരിശീലനങ്ങൾ നൽകി വിദ്യാർത്ഥികളെ സജ്ജരാക്കാൻ കൂട്ടായ്മക്ക് കഴിഞ്ഞിട്ടുണ്ട് മേലാറ്റൂർ ആറാം ഹൈസ്കൂളിലെ കുഞ്ഞു പട്ടങ്ങൾ ആകാശത്ത് പറത്തി വിടുന്ന ഈ പടത്തിന് മാഗസിന് എല്ലാവിധ ആശംസകളും ആർ എം ഹൈ സ്കൂൾ മാനേജർ എന്ന നിലയിൽ ഞാൻ നൽകുന്നു തുടർന്നും ഈ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പരിപൂർണ്ണ പിന്തുണ മാനേജ്മെന്റ് ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് ഇതിനാൽ അറിയിക്കുന്നു.

ഹെഡ്മാസ്റ്റർ



കെ. സുഗുണ പ്രകാശ്

# സന്ദേശം

വിവര സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ലോകം പുരോഗമിച്ച കൊണ്ടിരിക്കുമ്പോൾ അതിന്റെ ഭാഗമാകാൻ വലിയ അവസരമാണ് ലിറ്റിൽ കൈറ്റ്സ് നൽകുന്നത് ഇത് പ്രയോജനപ്പെടുത്തി ആധുനിക വിവര സാങ്കേതിക വിദ്യയുടെ പ്രയോക്താക്കളായി മാറാൻ കുട്ടികൾക്ക് കഴിയണം എല്ലാം വിരൽതുമ്പിൽ എന്ന ആശയം സാക്ഷാത്കരിക്കുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ തിന്റെ ഉദാഹരണമാണ് ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പുതിയ അനുഭവങ്ങൾ നൽകുന്ന ഒന്നാവട്ടെ  എന്ന് ആശംസിക്കുന്നു മാഗസിൻ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്സ്



ജയശ്രീ ടീച്ചർ

# ആശംസയോടെ

വിവര സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ലോകം പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ അതിന്റെ ഭാഗമാകാൻ വലിയ അവസരമാണ് ലിറ്റിൽ കൈറ്റ്സ് നൽകുന്നത് ഇത് പ്രയോജനപ്പെടുത്തി ആധുനിക വിവര സാങ്കേതിക വിദ്യയുടെ പ്രയോക്താക്കളായി മാറാൻ കുട്ടികൾക്ക് കഴിയണം എല്ലാം വിരൽത്തുമ്പിൽ എന്ന ആശയം സാക്ഷാത്കരിക്കുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ തിന്റെ ഉദാഹരണമാണ് ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പുതിയ അനുഭവങ്ങൾ നൽകുന്ന ഒന്നാവട്ടെ എന്ന് ആശംസിക്കുന്നു മാഗസിൻ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

# ദളങ്ങൾക്ക് ജീവൻ നൽകിയവർ




അമൽ റഷീദ് 9.F



ബെൽജിത് 9.H



റിഷാൻ 9.G



അനീസ് 9.H



അനസ് 9.H



ഗോപിക 9.H



സാഹില 9.M



റന 9.I



ദർശന 9.H



ഫിദ 9.E

# ഉള്ളടക്കം

## കഥ


→ പ്രവാസികളുടെ ജീവിതം..........................................................................
→ ഡിസംബർ 1.....................................................................................
→ ജയിലറക്കുള്ളിലും..............................................................................
→ മരണത്തോടടുത്ത ജീവിതം.......................................................................


## കവിത


→ കവിതയോട്.......................................................................................
→ വിദ്യാലയ ജീവിതം...............................................................................
→ പ്രിയ സഖി  എന്ന്പോകും........................................................................
→ പുതുമഴ............................................................................................
→ ജന്മദിനം..........................................................................................
→ ജീവിതം...........................................................................................
→ കുഴിയാന..........................................................................................
→ പൊൻസുദിനം ഇന്നാണല്ലോ......................................................................
→ സൗഹൃദ സ്നേഹം.................................................................................
→ വീണ മുട്ടുന്ന കരുവി............................................................................
→ ജീവിത താഴ് ......................................................................................
→ ഭൂമി................................................................................................
→ പ്രകൃതി...........................................................................................
→ ശലഭം.............................................................................................
→ കവിതയോട്.......................................................................................
→ കാറ്റ്...............................................................................................
→ ചൂരൽ വടി........................................................................................
→ ജീവാമൃതം........................................................................................

→ മടക്കയാത്ര.................................................................................
→ ബാല്യം.....................................................................................

## ലേഖനം

→ ബാലവേല..................................................................................
→ ജെ ആർ സി...............................................................................
→ സാക്ഷി മഴ...............................................................................
→ തെരുവ് മൃഗങ്ങൾ........................................................................

## അനുഭവക്കുറിപ്പ്

→ കാബൂരി.............................................................................
→ കാലത്തിന്റെ ഓർമ്മയിൽ ഒരു വട്ടം കൂടി..............................
→ പാലക്കാടിനെ മണ്ണിലേക്ക് ഒരു ജൈത്രയാത്ര..........................



# ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ കുട്ടികളുടെ IT കൂട്ടായ്മയാണ് "ലിറ്റിൽ കൈറ്റ്സ്." 2018-19 അധ്യയന വർഷത്തിൽ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ(കൈറ്റ്)ന്റെ അംഗീകാരത്തോടെ ആർ.എം. ഹൈസ്ക്കൂളിലും ഈ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 3 ബാച്ചുകളിലായി 100 ൽ പരം വിദ്യാർത്ഥികളുണ്ട്.

ഹാർഡ്വെയർ, ഇലക്ട്രോണിക്സ്,അനിമേഷൻ, സൈബർ സുരക്ഷ,മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-ഗവേണൻസ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ദ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ് 'പദ്ധതി. ഈ കുട്ടികൾക്കായി പരിശീലനങ്ങൾക്ക് പുറമെ വിദഗ്ദ്ധരുടെ ക്ലാസുകൾ, ക്യാമ്പുകൾ,ഇൻഡസ്ട്രി വിസിറ്റുകൾ എന്നിവ സംഘടിപ്പിക്കും. സ്കൂളിലേക്ക് ലഭിച്ച ക്യാമറ യുടെ പ്രവർത്തനവും ഈ "കുഞ്ഞുപട്ടങ്ങൾ" ക്കാണ്. ഇതിനായി പ്രത്യേകപരിശീലനവും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.



# ജീവിതം



ആദിത്യ വിജേഷ് .9F

ഒരു മെഴുതിരിപോലെ ഉരുകിത്തീരുന്ന
വിജനമാം ജീവിതം
എത്ര മഹനീയം ഒരു സൂര്യകിരണം
പോലെ ത്യജിച്ച് ഉയർന്നുപൊങ്ങുന്ന

തീക്കനലായ് അണയുന്നു.
വിജനമായ ഇരു തീരത്തെ
അകലെയൊരു താരകമായ്
ഇനി എത്രനാൾ?



# പ്രിയ സഖി നീയെങ്ങുപോകും

എൻ പ്രിയ ശലഭമേ നീ അകലുന്നുവോ
എൻ നിഴലിൽ നിന്നു മറയുന്നുവോ
ശലഭമേ നിൻ ചിറകിൽ പൂപൊടിയേറ്റ
മയങ്ങിയ ആ രാവിൽ ഞാൻ എൻ
ഹൃദയം സന്തോഷിച്ചു
ശലഭമേ നീയെൻ കൈക്കുള്ളിൽ വന്ന ഓരോ
നിമിശവും എൻ മനസ്സിൽ കുളിർമ്മയേകുന്നു
നീ അകലരുത് എൻ സഹനതീയിൽ
സന്തോഷമേകാതെ നീ മറയരുത്
എൻ പ്രാണനാം പ്രിയ സഖി
നീ യെങ്ങു പോകുന്നു
ഈ മനസ്സിനെ വേദനിപ്പിച്ചകലുന്നതുപോലെ

അനന്തകൃഷ്ണൻ 9G



ഹിമശ്രീ

ഏകാന്തകോകിലം
പാടാനൊരുങ്ങുന്നു
ഏതോ ഒഴിഞ്ഞ മരത്തിൽ
ഇവിടെ തുടരുന്നു
നീതി ബോധത്തിന്റെര
കതവും കണ്ണീർക്കുടവും

# കുഴിയാന

ഇറയത്തുള്ളൊരു കുഴിയിൽ കണ്ടത്
പാവം ചെറിയൊരു കുഴിയാന
കാട്ടുപൊന്തയിലാനക്കുഴിയിൽ
കണ്ടതു വലിയൊരു കാട്ടാന
വമ്പൻ കൊമ്പൻ കാട്ടാന
കുഴിയിൽ പെട്ടാൽ കുഴിയാന

*അനശ്രീ കെ*



# വിദ്യാലയ ജീവിതം



ഇർഫാന ഷെറിൻ .9J

മഴ തിമിർത്തു പെയ്യുന്ന നാളിൽ
ഉമ്മയുടെ വിരൽത്തുമ്പിൽ തൂങ്ങിപ്പിടിച്ച്
കുടയും ചൂടി പുത്തനുടുപ്പുമണിഞ്ഞ്
മനസ്സില്ലാ മനസ്സോടെ എൻ
വിദ്യാലയത്തിൻ പടികൾ കയറിയപ്പോൾ
അറിഞ്ഞിരുന്നില്ല ഞാൻ ഇത്
ഇത്രയുമൊരു അൽഭുത ലോകമാണെന്ന്
സ്നേഹം പങ്കുവെച്ചു തരുന്ന സുഹൃത്തുക്കളും
അറിവിൻ ജാലകത്തിലേക്ക് കൂട്ടിക്കൊണ്ടു
പോകുന്ന നല്ലവരായ അധ്യാപകരും
എന്തൊരാസ്വാദകരമാണീ വിദ്യാലയ ജീവിതം
സൗഹൃദത്തിന്റെയും വിജ്ഞാനത്തിന്റെയു-
മൊരു കൂടാരമാണെൻ വിദ്യാലയം
പോയി മറഞ്ഞ ക്ലാസുകളിലെ ചങ്ങാത്തവും
അന്നത്തെയെൻ ഗുരുക്കൻമാരുടെ ഓരോ ഉപദേശവും
എൻ മനസ്സിലിന്നൊരോർമ്മയായ് തീർന്നു
കഥയും പാട്ടും കളികളുമായി പഠനം
മധുരമായി തീർക്കുമെൻ വിദ്യാലയം
നമ്മിലേക്കറിവു പകർന്നു തരുന്നൊരു
വേറിട്ട ലോകമാണെൻ വിദ്യാലയം
വിദ്യാലയത്തിൽ നിന്നും കിട്ടിയോരോ-
ർമ്മയുമെൻ ഹൃദയത്തിന്നറകളിലെന്നും
ആരുമറിയാതെ ഒളിപ്പിച്ചു വെച്ചു ഞാൻ
നൻമ നിറഞ്ഞൊരെൻ വിദ്യാലയം
നിർവൃതി നിറഞ്ഞൊരെൻ വിദ്യാലയം
എന്നുമെൻ നാടിൻ വിളക്കായി തീർന്നിടട്ടേ.........

# പൊൻസുദിനം

ഇന്നാണല്ലോ നല്ലദിനം
സ്വാതന്ത്ര്യത്തിൻ പൊൻസുദിനം
കിട്ടീ നല്ലൊരു മിഠായി
ടീച്ചർ തന്നൊരു മിഠായി
അമ്മേം തന്നു രണ്ടെണ്ണം
ചിന്നൂം തന്നു രണ്ടെണ്ണം
എ    ൽ  ചൊല്ലൂ മിഠായി
എത്രയായി എൻ കൈയ്യിൽ ?

അനശ്രീ .കെ

# സൗഹൃദസ്നേഹം



ജിസ്ന ജോയ് 9.H

സാന്ദ്രമാം  ജീവിതത്തിൽ സ്നേഹ -
ത്തുവലുകൊണ്ട്
മാറ്റിമറച്ചൊരാ സൗഹൃദമോ
സാന്ദ്രമാം ജീവിതത്തിൻ താഴിട്ടു പൂട്ടിയ
സൗഹൃദ സ്നേഹമോ
വിശ്രമമാം ജീവിതത്തിൻ തുങ്ങിനിൽക്കുന്നു
സാന്ദ്ര സ്വപ്നങ്ങളോ
അഴലിൽ തീർന്നൊരു മേഘങ്ങളോ......

# വീണമീട്ടുന്ന കുരുവി



ലെന വർഗീസ് 9 :H

ആ വഴിയോരത്ത് വീണമീട്ടുന്ന
കുരുവിയെ നോക്കി ചൊല്ലുന്നു
വീണമീട്ടുന്ന താരകമേ നീയകലേ-
പോയി മറയല്ലേ നീയെൻ
മലരുപോലെ എൻ ഹൃദയത്തിൽ
വന്നണയണമേ.....

നീ വിശാകമാം സന്ധ്യയിൽ
തളിരിട്ടുപൂക്കുന്ന പൂവിനേക്കാൾ
എത്ര മഹനീയം
എന്തിനീ താരകമേ വീണമീട്ടുന്നു നീ
അത്രയും ദുഃഖമാണോ ഈ 'ജീവിതം'?

# പുതു മഴ



അലീന റോബിൻസൺ 9.E

പുതു മഴയുടെ ഇളം കുളിരിൽ
പുത്തനുണർവ്വും നേടി ആടുന്ന
പൂച്ചെടികൾ തളിർക്കാൻ ആശിച്ചു
പുതു നാമ്പുകൾ നീട്ടുന്ന പുല്ലുകൾ

വരി വരിയായി ഒഴുകി വീഴുന്ന ഇറ
വെള്ളത്തിൽ കൈയാട്ടിക്കളിക്കുന്ന
വികൃതികുട്ടികൾ തുള്ളികളിക്കുന്നു
വീശിയടിക്കുന്ന കാറ്റിന്റെ താളത്തിൽ
വിരുന്നുവന്ന മഴതുമ്പികൾ

മരങ്ങൾ ഉല്ലാസ തിമിർപ്പിൽ ആടുന്നു
മഴയേറ്റുവാങ്ങി കുളിരണിഞ്ഞ
മലകളിൽ നീരുറവക്കീറുകൾ പൊട്ടി
മൂകമായിരുന്ന പുഴകളിലും ഉത്സവം



ഭാഗ്യശ്രീ .എ 9.H

# ജീവിത താഴ്

ആയിരമേനി  തൻ ചൂടേറ്റു  മയങ്ങുന്ന
രാജകുമാരി  തൻ ഇുവലുണ്ടോ
ജീവിതത്തിൽ തേങ്ങലായ് മാറിയ
ജീവിത താഴ്പുട്ടിൻ  താക്കോലുണ്ടോ
ആയിരമേനിതൻ  ഇുവലിൻപൊതിഞ്ഞൊരാ
മണിച്ചിത്രതാഴെടുത്തുവെച്ചോ
സാന്ദ്രമാം  ജീവിത  വിസ്മയ  കാഴ്ചകൾ
കാണുകയും  കേൾക്കുകയും  ചെയ്യുന്നുവോ
നിദ്ര ദേവിതൻ തിരകളിൽ  എഴുതിയ
ജീവിത താളത്തിൻ വേദനയോ
മെഴുകുതിരിപോൽ  ഉരുകി  തീർന്നൊരാ
രാജകുമാരി  തൻ ജീവിതമോ
കാറ്റിൽ  പടർന്നൊരാ സുഗന്ധം പോലെയെ-
നിയും നിന്നുവോ  ആയിരമേനിയിൽ

# പ്രവാസികളുടെ ജീവിതം



ഷാനു മുഹമ്മദ് 9.I

പതിവ് പോലേ മോഹൻ മുറ്റത്ത് ഇരിക്കുകയായിരുന്നു. മോഹന്റെ അഞ്ച് വയസ്സുള്ള മകൻ മനു അവിടേക്ക് വന്നു. മനു പറഞ്ഞു :അച്ഛാ,അച്ഛന്റെ കൂട്ടുക്കാർ ഇടക്ക് വരാറില്ലെ? ഇനി അവരോട് വരണ്ടാ എന്ന് പറയുമോ അച്ഛാ? “അതെന്തു പറ്റി മോനേ? അവർ ഇവിടെ വരുമ്പോൾ വേണ്ടാത്തത് പറയുന്നത് ഞാൻ കേട്ടു.ഇവിടെ അമ്മയും അനിയത്തിയും ഉള്ളതാണ് ഇത് കേട്ട അച്ഛൻ ഒന്നും പറഞ്ഞില്ല. കുറച്ച് കഴിഞ്ഞ് ഉള്ളിലേക്ക് പോയി.അപ്പോൾ ഭാര്യ ചോദിച്ചു; എന്താണ് നിങ്ങളുടെ കൂട്ടുക്കാർ വരുമ്പോൾ ഉണ്ടാക്കേണ്ടത്.നീ ഒന്നും ഉണ്ടാക്കേണ്ട. അവരോട് ഞാൻ വരണ്ട എന്ന് പറഞ്ഞു. അതെന്താ അവൾ ചോദിച്ചു. മോഹൻ കാര്യങ്ങൾ ഒക്കെ പറഞ്ഞതിന് ശേഷം പറഞ്ഞു ;അഞ്ച് വയസ്സുള്ള മകന് അത് തോന്നിയെങ്കിൽ നമ്മൾ തന്നെ അത് തിരുത്തണം. ഒരു മാസം കഴിഞ്ഞപ്പോൾ മോഹൻ ഗൾഫിലേക്ക് പോകേണ്ട സമയം ആയി. അയാൾ എല്ലാവരോടും യാത്ര പറഞ്ഞ് പോയി. പതിനേഴ് വർഷം കഴിഞ്ഞ് തിരിച്ച് അയാൾ നാട്ടിലേക്ക് പോന്നു. വന്നപ്പോൾ അയാളെ എല്ലാവരും സന്തോഷത്തോടെ കൊണ്ടുവന്നു. ഒരാഴ്ച്ച കഴിഞ്ഞപ്പോഴേക്കും എല്ലാവരും ചോദിക്കാൻ തുടങ്ങി. ഇനി എപ്പോഴാ പോകുന്നത്.എല്ലാവരോടും ഒറ്റവാക്കിൽ മറുപടി പറഞ്ഞു; ഇനി അങ്ങോട്ട് തിരിച്ച് പോകുന്നില്ല. ഇതു കേട്ടപ്പോൾ വീട്ടുക്കാർ ഉൾപ്പെടെ എല്ലാവരും അയാളിൽ നിന്നൊരു അകലം പാലിച്ചു വീട്ടിൽ ആരു വന്നാലും അയാളെ വിളിക്കില്ല. സത്യം പറഞ്ഞാൽ അവനവിടെ ഒരു സ്ഥനവും ഇല്ലാതായി.

ഒരു ദിവസം മനുവിന്റെ കൂട്ടുകാർ വീട്ടിൽ വന്നു. അന്ന് അവിടെ വലിയ ഭഹളമായിരുന്നു. സഹികെട്ട മോഹൻ മകനെ വിളിച്ചു പറഞ്ഞു; ഇവിടെ നിന്റെ അമ്മയും പെങ്ങളുമൊക്കെ ഉള്ളതല്ലെ? എന്നിട്ടാണോ ഇവരെ ഇങ്ങോട്ട് കോണ്ടുവന്നത്.അപ്പോൾ മനു പറഞ്ഞു. വയസ്സായാൽ വല്ല മൂക്കിലും പോയി കിടന്നോണം. അല്ലാതെ ഗൾഫിലെ പണിയും കളഞ്ഞിട്ട് ഭരിക്കാൻ നിൽക്കരുത്. ഇത് കേട്ട് വന്ന ഭാര്യ പറഞ്ഞു ; അവിടെ വല്ലടുത്തും പോയി കിടക്ക് വെറുതെ ശല്ല്യപ്പെടുത്തൊാത ഇത് കേട്ട മോഹൻ അന്ന് മനു പറഞ്ഞത് അലോജിച്ചു. ഇതൊന്നും സഹിക്കാനാവാത്ത മോഹൻ ഗൾഫിലേക്ക് തിരിച്ചു പോയി.

# കാംബൂരി

എന്റെ ജീവിതത്തിൽ ഒരുപാട് ഓർമ്മകൾ എനിക്ക് ലഭിച്ചത് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിൽ നിന്നാണ്. എന്റെ ജീവിതത്തിൽ 5 മുതൽ 9 വരെയുള്ള കാലഘട്ടത്തിൽ ഞാൻ ഏറ്റവും കൂടുതൽ സന്തോഷിച്ചതും എന്നെ ഞാനാക്കിത്തീർത്തതും ഈ യൂണിറ്റ് ആണ്.

ഇതിൽ എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു അനുഭവമാണ് 1-1-2020 മുതൽ 5-1-2020 വരെ ആലപ്പുഴയിലെ ചേർത്തലയിൽ വെച്ച് നടന്ന 'ദ സ്റ്റേറ്റ് ക്യാംപൂരീ'. ഇത് ഇരുപത്തിരണ്ടാമത് സ്റ്റേറ്റ് ക്യാംപൂരീയാണ്. നാല് വർഷം കൂടുമ്പോൾ മാത്രം നടക്കുന്ന ക്യാംപൂരിയിൽ എനിക്ക് പങ്കെടുക്കാൻ സാധിച്ചതിൽ ഞാൻ വളരെയധികം സന്തോഷവതിയാണ്. ഈ ക്യാംപൂരീ എന്നെ പോലെ തന്നെ 8, 9 ക്ലാസ്സുകളിലെ ഒരുപാട് കുട്ടികൾക്ക് ഏറെ ഗുണങ്ങൾ തന്നു. അവിടെ ഞങ്ങൾ ടെന്റിലാണ് താമസിച്ചിരുന്നത്. തികച്ചും വ്യത്യസ്തമായ ഒരു ജീവിതമാണ് ആ നാല് ദിവസവും ഞങ്ങൾക്ക് ഉണ്ടായിരുന്നത്. പതിനാല് ജില്ലകളെ നാൽപത്തിയൊന്ന് ഉപജില്ലകളായി തിരിച്ച് ആ നാൽപത്തിയൊന്ന് ഉപജില്ലകളിൽ നിന്നുമായി മൂവായിരത്തിലേറെ കുട്ടികൾ ചേർന്നതാണ് ഈ ക്യാംപൂരീ. പലതരം മത്സരങ്ങളും കളികളും എന്നാൽ അൽപം ഗൗരവവും ഉള്ളതായിരുന്നു ഞങ്ങളുടെ ക്യാംപൂരീ. മൂന്ന് ടെന്റുകളാണ് പെൺകുട്ടികൾക്ക് ഉണ്ടായിരുന്നത്. ഞങ്ങളുടെ കൂടെ ഞങ്ങളുടെ സ്കൂളിലെ ഗൈഡ് അധ്യാപകരായ
ഷെബി ടീച്ചർ, ജീമ ടീച്ചർ, ഷിജു മാഷ്, ഹാരിസ് മാഷ്, മനോജ് മാഷ്, ജൗഹർ മാഷ് എന്നി- വരും ഉണ്ടായിരുന്നു. Advanges, പെയിന്റിങ്ങ്, ഡ്രോയിങ്, pagan show, പരേഡ് തുടങ്ങിയവ എല്ലാം ഉൾപ്പെട്ട ഒരു ക്യാമ്പ് ആയിരുന്നു ഞങ്ങളുടെ ക്യാംപൂരീ. സ്കൗട്ട് ഗൈഡിലെ മുതിർന്ന അധ്യാപകർ, നമ്മുടെ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി രവീന്ദ്ര നാഥ്, രമേശ് ചെന്നിത്തല എന്നിവരും മറ്റ് വിശിഷ്ടാതിഥികളും ഞങ്ങളുടെ ക്യാംപൂരിയിൽ വന്നിരുന്നു. തികച്ചും സന്തോഷത്തോടുകൂടിയാണ് ഞങ്ങൾ ആ ക്യാമ്പിൽ പ എനിക്കറിയാം ഞാൻ ഇനി പോകുന്നത് ദൈവത്തിന്റെ അടുത്തേക് ആണ്. കുറച്ച് നേരം ഞാൻ വീണ്ടും ജനലിൽ യുടെ പുറത്തേക് നോക്കി കടന്നു ഞാൻ അറിയാതെ എന്റെ കണ്ണിൽ നിന്നും ഓരോ വെള്ളത്തുള്ളികൾ ഒഴുകാൻ തുടങ്ങി. ഞാൻ എന്റെ ജീവിതകാലത്തെക്കുറിച്ച് ഓർത്തു നോക്കി. എന്ത് മനോഹരമായ ജീവിതമാണ് ദൈവം എനിക്ക് തന്നത് പക്ഷേ ഞാൻ പോലും അറിയാത്ത എന്റെ ശരീരം ഹാൻസിനും പുകയിലക്കും ഡ്രഗ്സ്സും മെല്ലാം അടിമ പെട്ടുപോയി. എത്ര ടീച്ചർ മാരാണ് എന്നെ ഉപദേശിച്ചത് അതിൽ ഒരു ടീച്ചറുടെ വാക്കുകൾ ഞാൻ അനുസരിച്ചിരുന്നെങ്കിൽ ഈ അവസ്ഥയിൽ ഞാൻ കിടക്കില്ല ആയിരുന്നു എനിക്ക് എന്റെ ഓരോ കൂട്ടുകാരുടെയും മുഖം ഓർമ്മ വരുന്നു. പാവം എന്റെ അമ്മ ആണായും പെണ്ണായും ഞാൻ മാത്രമേ ഉള്ളൂ ഇനി എനിക്ക് ഏതാനും ദിവസങ്ങൾ മാത്രം അതുകഴിഞ്ഞാൽ ഞാൻ വിട പറയും എനിക്ക് ജീവിക്കാൻ കൊതിയാവുന്നു. ജീവിതത്തിന്റെ മാധുര്യം എന്നിൽ നിന്ന് അകലുകയാണ്. ഞാൻ ചെയ്ത തെറ്റിന് ഉള്ള ശിക്ഷയാണ് ഞാൻ അനുഭവിക്കുന്നത്. ഇതുപോലെ ഓരോ കുട്ടികളും ഈ ലഹരിക്ക് അടിമപ്പെട്ട കൊണ്ട്

അവരുടെ ജീവിതം തകരുകയാണ്. എന്റെ ജീവിതത്തിൽ ഞാൻ ഒന്നും ആസ്വദിച്ചു കിട്ടില്ല. എന്റെ ജീവിതം ഒരു ലഹരി കുപ്പിയിൽ പൂട്ടിയ തായിരുന്നു. താക്കോൽ കൊണ്ട് പൂട്ടു തുറന്ന് അതിൽ നിന്നും എന്നെ മോഹിപ്പിച്ചപ്പോൾ എന്നെ കാത്തിരുന്നത് മരണമാണ്. മരണമേ നിന്നെ ഞാൻ ഭയപ്പെടുന്നു.






# ഡിസംബർ 1



ഗോപിക. വാര്യർ 9.H

"എന്നാ സിസ്റ്ററെ എല്ലാരും എന്നോട് ഇങ്ങനെ? ഞാൻ എന്നാ തെറ്റാ ചെയ്തേ? ഞാൻ ഒരു പാവം അല്ലിയോ?" "അതങ്ങനാ മോളെ..നമ്മുടെ ബുദ്ധിമുട്ടുകൾ ഒന്നും അറിയാതെ നമ്മളെ വെറുതെ കുറ്റപ്പെടുത്തും. എന്റെ മോൾ എന്നാത്തിനാ വിഷമിക്കുന്നെ? നിന്റെ കൂടെ ഞാൻ ഉണ്ട് . ഞങ്ങൾ എല്ലാവരും ഉണ്ട്..ഞങ്ങൾടെ മോൾക്ക് വേഗം സുഖാവൂട്ടോ" ഞാൻ അന്നമോളോട് പറഞ്ഞു..പക്ഷേ അധികം ഒന്നും അവൾ ജീവിച്ചില്ല..അസുഖം ഭേദമായി വരുവായിരുന്നു. പക്ഷേ പെട്ടന്ന് ആയിരുന്നു ആരോഗ്യം നഷ്ടപ്പെട്ടത്.

"അവൾക്ക് എങ്ങനാ അസുഖം വന്നത്? എന്താ ശെരിക്കും പറ്റിയത്?"

കൃത്യമായ ഉത്തരം ഇല്ലച്ചോ. അവളുടെ അച്ഛന് പണ്ട്.ഇതുപോലെ വന്നിരുന്നത്രെ. എന്നാൽ പെട്ടന്ന് ഭേദമാവുകയും ചെയ്തു. പിന്നീട് വിവാഹം കഴിഞ്ഞ് അന്നമോൾ ജനിച്ച ശേഷവാ വീണ്ടും അസുഖം വരുന്നേ. തിരിച്ചറിഞ്ഞപ്പോൾ വളരെ വൈകി പോയി..ആൽബിൻ മരണപ്പെട്ടു..ആൽബിനിൽ നിന്ന് രോഗം ബാധിച്ച് മിയയും അവളെ തനിച്ചാക്കി കർത്താവിന്റെ അടുത്തേക്ക് പോയി. പിന്നീട് ഞങ്ങൾ ആണ് അവളെ നോക്കിയത്. അപ്പനും അമ്മയ്ക്കും വന്ന രോഗം അവൾക്ക് കിട്ടരുതെ എന്ന് ഒത്തിരി പ്രാർഥിച്ചിരുന്നു. പക്ഷേ എന്ത് ചെയ്യാനാ അച്ചോ 3 വയസ്സ് ഉള്ളപ്പോൾ അവളെയും ബാധിച്ചു. അവൾ തളർന്നില്ല. മറ്റു കുട്ടികളെ പോലെ സ്കൂളിൽ പോകാനും കുർബാന കൂടാനും എല്ലാം അവൾ ആഗ്രഹിച്ചു. പക്ഷേ സമൂഹം അനുവദിച്ചില്ല. അവളുടെ കൂടെ ഇരുന്നാൽ തങ്ങൾക്കും അസുഖം വരുമോ എന്ന് പേടിച്ച് ആ കുഞ്ഞിനെ എല്ലാവരും മാറ്റിനിർത്തി. കുട്ടികളുടെ മാതാപിതാക്കൾ പോലും വളരെ മോശമായി പെരുമാറി. അതായിരുന്നു അവളുടെ അസുഖത്തേക്കാൾ ഏറെ തളർത്തിയത്. കുഞ്ഞുമനസ്സ് അല്ലേ? അവഗണന സഹിക്കാൻ കഴിഞ്ഞില്ല. ശാരീരികമായി തളർന്നു തുടങ്ങിയിരുന്ന അവൾ മാനസികമായും തളർന്നു. പിന്നെ അധികകാലം ഒന്നും ജീവിക്കാൻ കഴിഞ്ഞില്ല. പെട്ടന്ന് മരിച്ചു

"അപ്പോ അവളുടെ അസുഖം എന്തായിരുന്നു?"

ഒന്നും പറയാതെ സിസ്റ്റർ നടന്നു നീങ്ങി. അന്നമോളുടെ കല്ലറക്കുമുന്നിൽ പൂക്കളർപിച്ച് മുട്ടുകുത്തി പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്ക് ഇടയിൽ അറിയാതെ അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അച്ഛന്റെയും അമ്മയുടെയും കൂടെ ദൂരെ എവിടെയോ ഇരുന്ന് അവൾ സിസ്റ്ററുടെ കണ്ണുകൾ തുടയ്ക്കുന്നുണ്ടായിരുന്നു..

# പ്രകൃതി


ഗോപിക. വാര്യർ 9.H

*പ്രകൃതി തൻ ഭീകര താണ്ഡവം കണ്ടു ഞാൻ*
*ഞെട്ടിത്തരിച്ചു വിറങ്ങലിക്കെ*
*അമ്മേ നിൻ പൊന്മടി തട്ടിൽ ഉറങ്ങുന്ന*
*പൊൻമണി മക്കളെ എന്തിനു നീ*
*ചീന്തിയെറിഞ്ഞു മാറിടമൊന്നാകെ*
*ചോരയൊലിപ്പിച്ചു നിൽപ്പതെന്തേ*
*സ്നേഹം വഴിയുന്ന കണ്ണുകളെന്തിനു*
*ക്രോധത്തോതിനു തുറിപ്പിച്ചുനീ*
*കുഞ്ഞു കരങ്ങളും നീട്ടിപ്പിടിച്ചിട്ടു*
*ജീവനായ് കേഴുന്ന പൈതങ്ങളും*
*ഈ മണ്ണിനെ സ്വന്തം ജീവനായ് സ്നേഹിച്ച*
*നിസ്വനസ്നേഹപ്രതീതികളും*
*എന്തപരാധം ചെയ്തിതു നിന്നോടു*
*നീയീവിധത്തിൽ ക്ഷുഭിതയാവാൻ*
*ഭൂമിയും വാനവും വെട്ടിപ്പിളർക്കുന്നോർ*
*ധാർഷ്ട്യയോടിന്നും വിളങ്ങി നിൽപ്പൂ*
*നിന്നോടവർ ചെയ്തപരാധമൊക്കെയും*
*നീ പൊറുക്കേണമേ ഭൂമിമാതേ...*
*ഞങ്ങളീ മണ്ണിലെ പുൽക്കൊടിനാമ്പുകൾ*
*ഞങ്ങളെയമ്മേ നീ കാത്തിടേണേ...*



അലീന റോബിൻസൺ

# ശലഭം














റുഷ്ദ കെ.ട്ടി 8.E

നമ്മുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ബന്ധമാണ് സൗഹൃദം. ക്കൂട്ടുകാർ, സുഹൃത്തുക്കൾ, ചങ്ങാതിമാർ, സഖി എന്നിങ്ങനെ എത്രയോ വാക്കുകൾ കൊണ്ടാണ് നാമം സൗഹൃദത്തെ വിവരിക്കുന്നത്. നമ്മുടെ അച്ഛനെപോലെ ചീത്ത പറയാനും അമ്മയെപ്പോലെ ലാളിക്കാൻ സഹോദരങ്ങളെപ്പോലെ കളിയാക്കാനും സഹോദരികളെ പോലെ കൂടെ നിൽക്കാനും അവർ നമ്മുടെ കൂടെ ഉണ്ടാകും. അവർ നമ്മുടെ ജീവിതത്തിലെ നല്ലൊരു വഴികാട്ടിയാകുന്നു. നമ്മൾ ആഗ്രഹിക്കാത്ത നേരത്തെ നമ്മുടെ ഇടയിൽ വന്നുചേരുന്ന സൗഭാഗ്യമാണ് സൗഹൃദം. നമ്മുടെ തളർച്ചയിൽ സുഹൃത്തുക്കൾ ആരാണെന്ന് നമുക്ക് മനസ്സിലാക്കാം. അവർ നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നവരാണ്. സുഹൃത്തുക്കളാണ് നമ്മുടെ ജീവിതം എളുപ്പവും സന്തോഷകരവുമാക്കി ജീവിതത്തെ ആനന്ദകരമായ യാത്രയാക്കുന്നത്. സത്യത്തിൽ ലോകത്തിലെ എല്ലാ ബന്ധങ്ങളും തുടങ്ങുന്നത് സൗഹൃദത്തിൽ നിന്നാണ്. നമ്മുടെ എല്ലാ പ്രശ്നങ്ങളും നമ്മുടെ രഹസ്യങ്ങളും എല്ലാം പങ്കുവെക്കാൻ പറ്റുന്ന ഒരാളാണ് നമ്മുടെ സുഹൃത്ത്. ഇന്ന് നമ്മൾ അധികനേരവും അവരുടെ കൂടെ ചെലവഴിക്കാനാണ് ആഗ്രഹിക്കുന്നത്. എന്ന സൗഹൃദ ബന്ധത്തിനാണ് നാം ഏറ്റവും ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത് നൽകുന്നത്.

സൗഹൃദം ഹൃദയത്തിൽ സൂക്ഷിക്കാനുള്ള ഒരു നിധിയാണ്. നഷ്ടപ്പെട്ടാൽ തിരിച്ചെടുക്കാൻ കഴിഞ്ഞുവെന്ന് വരില്ല. നമ്മളെ എല്ലാവരും കളിയാക്കുമ്പോഴും നമ്മുടെ വേദന അനുഭവിക്കാൻ കഴിയുന്ന ഒരാളാണ് സുഹൃത്ത്. സൗഹൃദം എന്ന ലോകത്തെ എക്കാലത്തും നിലനിർത്തുന്ന ഒരു സിമന്റാണ്. ഏതൊരു ചെറിയ കാര്യത്തിലാണെങ്കിലും നമ്മെ സഹായിക്കാൻ നമ്മുടെ സുഹൃത്തുക്കൾ കൂടെ ഉണ്ടാകും.അകലം കൂടുന്നതിനനുസരിച്ച് അടുപ്പം കൂടുന്നതാണ് സൗഹൃദം. സുഹൃത്തുക്കൾ നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു നിധിയാണ്. അവരെ നാം ഒരിക്കലും തള്ളിക്കളയാൻ പാടില്ല. ജീവിതകാലം മുഴുവൻ അവർ നമ്മുടെ കൂടെ ഉണ്ടാകണം. അവർ ഇല്ലാത്തപ്പോഴാണ് ആ ഒരു വേദന അറിയുക. അതുകൊണ്ട് നാം എപ്പോഴും അവരെ നമ്മുടെ കൂടെ നിർത്തണം.



വനജ റാണി ടീച്ചർ

# കവിതയോട്

*എൻ അന്തരാത്മാവിന്റെ ഏകാന്തവീഥിയിൽ*
*ഒരു കൊച്ചു നാളമായ് കവിത ഉണർന്നു*
*തപ്തനിശ്വാസാമൃതിരുമെൻ ഹൃദയതന്ത്രികളിൽ*
*ഒരു കൊച്ചു സചീരണനായ് നീ ശ്രുതി മീട്ടി*
*ഒഴുകുന്നതേതൊരു ലയമായ് നീ*
*എന്നിൽ ഉണർന്നുവാതേതൊരു രാഗാലാപം*

*മോഹങ്ങൾ നിഷ്ഫലമാണെന്നറിഞ്ഞിട്ടും*
*വെറുതെ മോഹിച്ചു മോഹിച്ചു പോയി ഞാൻ*
*കവിതേ, നിൻ സല്ലാപത്തിൽ നീന്തിത്തുടിക്കുന്നു*
*ആയിരം സ്വപ്നങ്ങൾ കണ്ടു മയങ്ങി ഞാൻ*
*ഒരു ലയതാളമായ് ഒഴുകി വരു എന്നിൽ*
*ഒരു തുള്ളി മഞ്ഞായ് അലിഞ്ഞു ചേരു*

*കവിതേ, നീ എൻ ചാരത്തു വന്നണയുമ്പോൾ*
*ആയിരം വസന്തങ്ങൾ എന്നിൽ നിറയുന്നു*
*നിൻ സ്വരവീചികൾ എന്നിലെന്നും*
*ഒരു കുളിർ മഴയായ് പെഴ്തിറങ്ങുന്നു*
*എന്നിലെ എന്നെ അറിയുമോ നീ*
*അറിയാത്ത ഭാവം നടിക്കുമോ*






ഫാത്തിമത് ഫിദ 9.E

# കാലത്തിന്റെ ഓർമ്മകളിൽ ഒരുവട്ടം കൂടി.

വിരിയാൻ കൊതിച്ചതല്ല പക്ഷെ പിരിയേണ്ടി വന്നതാണ് . ഒരിക്കലും കഴിയരുതേ തീരരുതേ . അവസാനിക്കരുതേ എന്ന് മനസ്സിൽ പലവട്ടം പറഞ്ഞുപോയ ഓർമ്മതൻ ആ നല്ല നാളുകൾ കാലത്തിന്റെ വേഗത്തിൽഒരു പിടി ഓർമ്മകളായി മാറാൻ പോവുകയാണ് . വിദ്യാലയത്തിന്റെ ചവിട്ടുപടികൾ ചവിട്ടിക്കയറിയ ആ ആദ്യ ദിവസം ഇന്നും ഞാൻ ഓർക്കുന്നു . തന്റെ ഉമ്മയുടെ കൈയും പിടിച്ച് ബാഗും തൂക്കി ചവിട്ടിക്കയറിയ ആ ആദ്യ ദിവസം . തന്റെ ഉമ്മയെ ഒരു നിമിഷം പോലും പിരിഞ്ഞിരിക്കാൻ കഴിയാത്ത വേദനയിൽ അങ്ങനെ കണ്ണുനീരും വീഴ് ത്തിത്തുടങ്ങിയ ആ വിദ്യാലയ ജീവിതം ഇതുപോലെത്തന്നെ ഇന്നിതാ കണ്ണുനീർ വീഴ് ത്തി കലാലയത്തോട് വിട പറയുന്നു .

പന്ത്രണ്ട് വർഷത്തിന്റെ ആ സൗഹൃദ ത്തിന്റെ കാലം. ജൂണിലെ മഴയേയും ഡിസംബറിലെ തണുപ്പിനെയും കാര്യമാക്കാതെ ക്ലാസ്സിലേക്ക് വന്ന ആ പന്ത്രണ്ട് വർഷങ്ങൾ. വൈകി കയറുന്ന ക്ലാസ് മുറികൾ അറിഞ്ഞു മറന്ന ഹോംവർക്കുകൾ പരീക്ഷതലേന്നു തുറന്നു നോക്കുന്ന പുസ്തകങ്ങൾ. കൊച്ചു കൊച്ചു കുസൃതികൾ വാശികൾ ഡ്രാക്കുളയെ പോലെ പേടിക്കുന്ന കണക്കിന്റെ ക്ലാസുകൾ എത്ര പഠിച്ചാലും പടിയാത്ത ഉത്തരങ്ങൾ. സ്വന്തം കൈ കൊണ്ട് എഴുതിയ ലീവ് ലെറ്ററുകൾ അധ്യാപകൻ അല്ലെങ്കിൽ അധ്യാപിക ലീവ് ആണെന്ന് പറയുമ്പോൾ ഉള്ള ആഹ്ലാദപ്രകടനങ്ങൾ. താളങ്ങളുടെ യും പാട്ടുകളുടെയും മനോഹാരിത കൂട്ടുന്ന ചില കൂട്ടുകാർ അല്ലെങ്കിലും വിദ്യാലയ ജീവിതത്തേ സുവർണ്ണ നിറ മാക്കിയത് ഈ സൗഹൃദം മാത്രമാണ്.

ഓണ പരീക്ഷയിലും ക്രിസ്മസ് പരീക്ഷയിലും തോറ്റാലും അടുത്ത പരീക്ഷയ്ക്ക് ജയിക്കും എന്ന തീരുമാനം എടുക്കുന്നവർ .അധ്യാപകന്മാർ ചോദ്യം ചോദിക്കുമ്പോൾ ഉത്തരം പറഞ്ഞു തരാനുള്ള സുഹൃത്തുക്കളുടെ അദ്വാനങ്ങൾ. പിരിയാൻ വിധിക്കപ്പെട്ടവർ മനസ്സില്ലാമനസ്സോടെ പിരിയുകയാണ്.വിദ്യാലയ ജീവിതത്തിലെ അവസാനത്തിലേക്ക്. ചിലർ സങ്കടം കൊണ്ട് കര ഞ്ഞിരിക്കുന്നു ചിലർക്ക് പൊട്ടി കരയണം എന്നുണ്ട് വർഷങ്ങൾക്കുശേഷം താൻ എഴുതിയ ഡയറിക്കുറിപ്പുകളി ലൂടെ മാത്രം ഓർക്കാൻ പോകുമോ ഈ സൗഹൃദം. ഇനി എന്ന് കണ്ടുമുട്ടും എന്നറിയില്ല എന്ന് ഒരുമിച്ച് കൂട്ടും എന്നറിയില്ല എന്നാലും ഈ സൗഹൃദം മായാതെ മനസ്സിൽ നിലനിൽക്കട്ടെ.



# തെരുവ് മൃഗങ്ങൾ



ഗോപിക. വാര്യർ 9.H

വാർധക്യത്തിൽ ആരും തിരിഞ്ഞുനോക്കാതെ അലയുന്ന വൃദ്ധരെ മുതൽ മണിക്കൂറുകൾ മാത്രം പ്രായം ഉള്ളപ്പോൾ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളെ വരെ തന്റെ വർഗ്ഗം അല്ലാതിരുന്നിട്ട് കൂടി സ്വന്തം എന്നപോലെ സംരക്ഷിക്കുന്നു അവർ...മനുഷ്യനെ കളങ്കമില്ലാത്ത ആത്മാർത്ഥ സ്നേഹത്തിൽ പൊതിയുന്നവർ...ഒന്ന് തലോടിയാൽ തന്റെ ജീവൻ പോലും പകുത്ത് തരാൻ തയ്യാറാകുന്നവർ...അതെ,മനുഷ്യന്റെ ചങ്ങാതിഒരുനേരത്തെ ആഹാരം കൊടുത്താൽ നമ്മുടെ ഒരു നിഴലിനെ പോലെ പിറകെ വാലാട്ടി വരുന്നവരാണ് അവർ. അത്രയും ആത്മാർത്ഥമാണ് അവരുടെ സ്നേഹം..അനുഭവിക്കും തോറും അവയുടെ സ്നേഹത്തിന് ആഴമേറി വരുന്നു. സ്വന്തം മക്കൾക്ക് കൊടുക്കുന്ന സ്നേഹത്തിന്റെ നൂറിൽ ഒരു പ്രാവിശ്യം അവരെ സ്നേഹിച്ചാൽ അതിന്റെ ആയിരം ഇരട്ടിയായി തിരിച്ച് സ്നേഹിക്കും...നമ്മുടെ ഏത് ദുഃഖത്തിലും കാരണം അറിയാതെ തന്നെ സന്തോഷിപ്പിക്കാൻ ശ്രമിക്കും അവർ...

എന്നിട്ടും ഇന്ന് നമ്മൾ അവയോട് വളരെ മോശമായാണ് പെരുമാറുന്നത്...ഒരു ജീവൻ ഉള്ള വസ്തു എന്ന് പോലും ചിന്തിക്കാതെ വളരെ ക്രൂരമായി അവയെ ഉപദ്രവികുന്നവർ ആണ് ഇന്നത്തെ സമൂഹത്തിൽ പലരും. മദ്യപിച്ച് സ്വബോധം ഇല്ലാതെ തന്റെ ആനന്ദത്തിന് മാത്രമായ് ഇന്ന് പലരും മൃഗങ്ങളെ ഉപയോഗിക്കുന്നുണ്ട്. വേദന എന്നത് എല്ലാവർക്കും ഒരുപോലെ എന്നുപോലും ഓർക്കാതെ കൊല്ലാതെ കൊല്ലുകയാണ് അവരെ...ഇന്ന് പലരും പറഞ്ഞുകേൽകുന്ന കാര്യം ആണ് തെരുവ് മൃഗങ്ങൾ, പ്രത്യേകിച്ച് നായ്ക്കൾ അക്രമകാരികൾ ആണ്..അവയെ ഇല്ലാതാക്കണം എന്നൊക്കെ. എന്നാൽ നമ്മൾ ചിന്തിക്കാതെ പോകുന്ന കാര്യം എന്തെന്നാൽ ഇന്ന് ഒരു മൃഗം ഒരാളെ ആക്രമിക്കുന്നു എങ്കിൽ അതിനുള്ള സാഹചര്യം ഒരുക്കി കൊടുത്തതും നമ്മൾ ആണ്. തന്റെ സുഹൃത്തിനെ, തന്റെ മാതാപിതാക്കളെ, സഹോദരങ്ങളെ കൺമുന്നിൽ വെച്ച് കൊല്ലാക്കൊല ചെയ്യുമ്പോൾ നമുക്ക് ഉണ്ടാകുന്ന അതേ ദുഃഖവും ദേഷ്യവും തന്നെയാണ് അവർക്കും. തന്റെ ഉറ്റവർക്കു മരണം സമ്മാനിച്ചവർ തനിക്കും സമ്മാനിക്കുമോ എന്ന ഭയത്താൽ ആണ് ഭൂരിഭാഗം നായ്ക്കളും മനുഷ്യനെ ആക്രമിക്കുന്നത്..

കണ്ടാൽ ഉടനെ അതിനെ കല്ലെട്ടുതെറിയാൻ നോക്കാതെ അവയെ സ്നേഹിക്കാൻ ശ്രമിക്കുക. ഇന്നേവരെ അനുഭവിച്ചിട്ടില്ലാത്ത പുതിയൊരു അനുഭൂതി ഉണ്ടാവുമ്പോൾ ആരും മാറിപ്പോകും. അവയെ അക്രമകാരികൾ. ആയും സമൂഹത്തിന് ഭീഷണി ആയും കാണാതെ ഒരു ജീവനായി കാണാൻ ശ്രമിച്ചാൽ സ്നേഹിക്കാൻ ഉള്ളമനസ്സ് നമ്മിൽ ഉണ്ടാകും.

മറ്റു വിദേശ ബ്രീടുകളെ അയിരങ്ങളും ലക്ഷങ്ങളും കൊടുത്ത് വാങ്ങാതെ നമ്മുടെ ചുറ്റും സ്നേഹം കൊതിക്കുന്ന ജീവികളെ എടുത്ത് വളർത്താൻ കഴിയുന്നതും ശ്രമിക്കുക. അവയോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ പുണ്യം ആകും അത്. നമ്മുടെ ചുറ്റിലും കാണുന്ന അവർക്ക് നമ്മൾ മാത്രമേ ഉള്ളൂ. അവരെ അഴിഞ്ഞ് ആടുന്നവർക്ക് എറിഞ്ഞ് കൊടുക്കാതെ അവരെ സംരക്ഷിക്കാൻ ശ്രമിക്കു. അത് നമ്മുടെ ഔദാര്യം അല്ല..നമ്മുടെ കടമയും അവരുടെ അവകാശവും ആണ്..



# ബാലവേല

ഭവ്യ .കെ 9.I

വർത്തമാനകാലം സാക്ഷിയാവുന്ന നിസ്സഹായ അവസ്ഥയാണ് ബാലവേല. കുഞ്ഞ് കരങ്ങളിൽ നിന്ന് ഒഴുകുന്ന രക്തത്തിൽ ഒരുപക്ഷെ പികാസുകളുടെയും, കൈകോട്ടുകളുടെയും ക്രൂരമായ പ്രവർത്തികളുടെ വിവരണം അടങ്ങിയിരിക്കാം. അവരുടെ കണ്ണുകൾ ഒരുപക്ഷെ ബാല്യം മറന്നുപോയപ്പോലെ നിർജീവമായി തോന്നിയിരിക്കാം. കൈയിൽ തങ്ങാത്ത ഒരുപാട് കല്ലെടുക്കുമ്പോഴും ജീവിതത്തിനുവേണ്ടി അവർ പൊരുതി മുന്നേറുകയാണ്. അവരുടെ കണ്ണീരിന് സാക്ഷിയാവാൻ മാത്രമെ ഈ സമൂഹത്തിന് സാധിക്കുന്നുള്ളൂ. പുസ്തകങ്ങളുടെ അനന്തതയിലേക്ക് കണ്ണ് തുറക്കേണ്ടിയിരുന്ന അവർ ചുവടുവെച്ച് തുടങ്ങുന്നത്. യന്ത്രങ്ങളുടെയും പണിശാലകളുടെയും ഉമ്മറത്തേക്കാണ് ഇതിനെതിരെ ഉയർന്ന ശബ്ദങ്ങൾ എന്തുകൊണ്ടും ജീവസ്സറ്റുപോയികൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ ഓരോ കോണിലും ഒരുകൂട്ടം ബാല്യങ്ങൾ ഉരുകി ഇല്ലാതാവുന്നു. തിരക്കേറിയ ഈ സമൂഹം അവരെ കണ്ടില്ലെന്നു നടിക്കുന്നു. എന്നാൽ നമ്മുടെ സുഖസൗകാര്യങ്ങളുടെ ഇടയിൽ ഒരു കുഞ്ഞിന്റെയെങ്കിലും തേങ്ങൽ മങ്ങികിടക്കുന്നുണ്ടാവാം.





# ജൂനിയർ റെഡ് ക്രോസ്

ഇന്ത്യയിൽ റെഡ്ക്രോസ്സിനു കീഴിൽ വിദ്യാർത്ഥികളിൽ ആരോഗ്യ, സേവന, സൗഹൃദ രംഗങ്ങളിൽ പുതിയ തലങ്ങൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജൂനിയർ റെഡ് ക്രോസിന്റെ ആരംഭം. 2012-13 അധ്യായന വർഷം അന്നത്തെ ഹെഡ് മാസ്റ്റർ വിജയശങ്കരൻ മാസ്റ്ററുടെകാലഘട്ടത്തിലാണ് RMHS മേലാറ്റൂരിൽ JRC യുടെ പ്രവർത്തനമാരംഭിച്ചത്.തുടക്കത്തിൽ 20 കുട്ടികളടങ്ങുന്ന ഒരു യൂണിറ്റായിരുന്നു.ഉടൻ തന്നെ 40 കുട്ടികളുള്ള 2 യൂണിറ്റായി ഉയർത്തി. 8,9,10 ക്ലാസുകളിൽ 40 വീതം 120 കുട്ടികൾ JRC യിൽ അംഗങ്ങളാണ്. എന്നാൽ 2019-20 അധ്യയന വർഷത്തിൽ ഹെഡ് മാസ്റ്റർ സുഗുണപ്രകാശ് മാസ്റ്ററുടെ നിർദ്ദേശ പ്രകാരം നമ്മുടെ യു.പി വിഭാഗത്തിലും JRC യൂണിറ്റ് ആരംഭിക്കുകയുണ്ടായി. 5,6,7 ക്ലാസുകളിൽ നിന്ന് 10 വീതം കുട്ടികൾ JRC യിൽ അംഗമായതോടെ 150 കേഡറ്റുകളുള്ള JRC യൂണിറ്റായി നമ്മുടെ വിദ്യാലയം മാറി.ഹെഡ് മാസ്റ്റർ സുഗുണപ്രകാശ് മാസ്റ്റർ തലവനായ RMHS JRC യൂണിറ്റ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്...

ആരോഗ്യ രംഗത്ത് നിരവധി പ്രവർത്തനങ്ങളാണ് JRC കാഴ്ച വെച്ചിട്ടുള്ളത്. വിദ്യാലയത്തിൽ നടന്ന സൗജന്യ മെഡിക്കൽ ക്യാമ്പിൽ JRC മികച്ച രീതിയിൽ പ്രവർത്തിച്ചു. കൂടാതെ മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനോട് സഹകരിച്ച് ഈ വർഷം വിദ്യാലയത്തിൽ രക്ത സമ്മർദ്ദം അളക്കുന്ന ഒരു ക്യാമ്പ് സംഘടിപ്പിച്ചു. വിദ്യാലയത്തിൽ സർവ്വ സമയവും സജ്ജമായ ഫസ്റ്റ് എയ്ഡ് ബോക്സും അതിന് പ്രവർത്തന സന്നദ്ധതയുള്ള ഫസ്റ്റ് എയ്ഡ് വിങ്ങും JRC ക്ക് കീഴിൽ ഉണ്ട്. വിദ്യാലയത്തിൽ നടന്ന കായിക മേളയിൽ ഈ വിങ്ങിന്റെ പ്രവർത്തനം പ്രശംസനീയമായിരുന്നു. സേവന രംഗത്തും വളരെയധികം സജീവമായി തന്നെ JRC മുന്നോട്ട് പോവുന്നു. പെയിൻ ആൻഡ് പാലിയേറ്റിവുമായി സഹകരിച്ച് പല വിധസേവനപ്രവർത്തനങ്ങളിലുമേർപ്പെടുന്നു. അതുപോലെ 2019 ആഗസ്റ്റിൽ നടന്ന മഹാ പ്രളയത്തിൽ കിടപ്പാടം നഷ്ടപ്പെട്ട മമ്പാട്, കവളപ്പാറ പ്രദേശങ്ങളിൽ 3 വീടുകൾ JRC ക്ക് കീഴിൽ നിർമ്മിക്കുന്നു. കൂടാതെ പ്രളയബാധിത പ്രദേശമായ എടക്കര മുണ്ടേരിയിലേക്ക് ഒരുപാട് സാധന സാമഗ്രികൾ നൽകുകയുണ്ടായി.JRC കേഡറ്റുകളിൽ നിന്നുള്ള ഇത്തരം പ്രവർത്തനങ്ങൾ മാതൃകപരമാണെന്നു ഉപജില്ലാ JRC കോഡിനേറ്റർ സുരേഷ്മാസ്റ്റർ അഭിപ്രായപ്പെട്ടു.

സൗഹൃദ രംഗത്ത് മേലാറ്റൂർ JRC വ്യത്യസ്തത പുലർത്തുന്ന പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. വിദ്യാലയത്തിൽ JRC ക്ക് കീഴിൽ JRC Radio White Army എന്ന പേരിൽ സ്കൂൾ റേഡിയോ നവംബർ 1 കേരള പിറവി ദിനത്തിൽ വണ്ടൂർ DEO ശ്രീമതി. രേണുക ടീച്ചറുടെ മഹനീയമായ കരങ്ങളാൽ ഉദ്ഘാടനം നിർവഹിച്ച് പ്രവർത്തനമാരംഭിച്ചു. കൂടാതെ നവംബർ 14 ശിശു ദിനത്തിൽ മാനേജർ മേലാറ്റൂർ പത്മനാഭൻ സർ ഉദ്ഘാടനം ചെയ്ത് JRC Radio White Army യുടെ യൂ ട്യൂബ് ചാനലും പ്രവർത്തനമാരംഭിച്ചു. ഇരു പദ്ധതികളും വിജയകരമായി മുന്നോട്ട് പോവുന്നു. മലപ്പുറം ജില്ല കലോത്സവത്തിൽ JRC Radio White Army യുടെ പ്രവർത്തനം കണ്ട് മലപ്പുറം DD ശ്രീമതി കുസുമം ടീച്ചറും, നിയമസഭാ സ്പീക്കർ ശ്രീ. ശ്രീരാമകൃഷ്ണൻ സാറും, മുൻ വിദ്യാഭ്യാസ മന്ത്രി ശ്രീ.നാലകത്ത് സൂപ്പിയും, ഇപ്പോഴത്തെ പെരിന്തൽമണ്ണ നിയോജക മണ്ഡലം MLA ശ്രീ.മഞ്ഞളാംകുഴി അലിയും, മലപ്പുറം ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. വി.സുധാകരൻ സാറും എല്ലാവിധ ഭാവുകങ്ങളും നേർന്ന് കൊണ്ട് ആശംസകൾ അറിയിച്ചു.

യൂ ട്യൂബ് ചാനൽ കാണാൻ വേണ്ടി യൂ ട്യൂബിൽ JRC Radio White Army എന്ന് ടൈപ്പ് ചെയ്യുകയോ അല്ലെങ്കിൽ Qr Code സ്കാൻ ചെയ്യുകയോ ചെയ്യുക.

അതോടൊപ്പം മലപ്പുറം ജില്ലാ കലോത്സവ നഗരിയിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആരോഗ്യ പ്രദർശനവും, JRC കുട്ടികൾ തന്നെ BMI (Body Mass Index) കാൽക്കുലേഷൻ കൗണ്ടറും സംഘടിപ്പിച്ചു. 2020 ൽ പുതുവർഷ സമ്മാനം നൽകി JRC സൗഹൃദ രംഗത്ത് വേറിട്ട ചലനം സൃഷ്ടിച്ചു. വിദ്യാലയത്തിലെ നാലായിരത്തോളം വരുന്ന വിദ്യാർഥികൾക്കും, അധ്യാപകർക്കും, അനധ്യാപകർക്കും,സമീപ പ്രദേശങ്ങളിലെ വിദ്യാലയങ്ങൾക്കും RMHS JRC യൂണിറ്റിന്റെ പുതുവർഷ കലണ്ടർ സമ്മാനമായി നൽകി. അതോടൊപ്പം മികച്ച നിലവാരമുള്ള മാർച്ച് പാസ്റ്റിലൂടെ RMHS ന്റെ റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കാളികളായി.
പ്രഥമ ശുശ്രൂഷ ക്യാമ്പും, സബ്ജില്ല തല JRC ക്യാമ്പും, നിത്യ ഹരിത വന ഭൂമിയിൽ പരിസ്ഥിതി ക്യാമ്പും തുടങ്ങി വ്യത്യസ്തത നിറഞ്ഞ പരിപാടികളുമായി മുന്നോട്ട് പോവാൻ JRC ആഗ്രഹിക്കുന്നു...സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു...

പരസ്പര സ്നേഹത്തിനു ആരോഗ്യമുള്ള, സേവന മനോഭാവമുള്ള, സൗഹൃദ ചിന്തയുള്ള ഒരു ശരീരവും മനസ്സും ദൈവം നൽകട്ടെ.....

By
Team JRC
RMHS MELATTUR

ആരോഗ്യം...സേവനം...സൗഹൃദം...
JRC RMHSS MELATTUR RADIO WHITE ARMY
'എന്നുമെന്നും.. നിങ്ങൾക്കൊപ്പം..'
email: teamjrcrmhs@gmail.com
youtube channel: JRC Radio White Army





# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി



സംസ്ഥാന വിദ്യാഭ്യാസ-ആഭ്യന്തര വകുപ്പുകളുടെ ആഭിമുഖ്യത്തിൽ 2010 ൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ പദ്ധതി 2012 ലാണ് നമ്മുടെ വിദ്യാലയത്തിൽ തുടങ്ങിയത്. വിദ്യാർത്ഥികളിൽ പൗരബോധം, അച്ചടക്കം സേവന സന്നദ്ധന, സ്നേഹം എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ബുധൻ, ശനി ദിവസങ്ങളിൽ കേഡറ്റുകൾക്കായി ചിട്ടയായ പരേഡ്, കായിക പരിശീലനങ്ങൾ നൽകി വരുന്നു.

ട്രാഫിക് ബോധവൽക്കരണത്തിനായി ശുഭയാത്ര, പ്രകൃതിസംരക്ഷണത്തിനായി ഹരിതഭൂമി, എന്നീ പദ്ധതികളും, ലഹരിക്കെതിരെയും, മാലിന്യത്തിനെതിരെയും വിവിധ ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കുന്നു. അവശരായ കൂട്ടുകാരെ സഹായിക്കാനായി സഹപാഠിക്കൊരു ഓണക്കോടി, വീട്ടിലൊരു കൂട്ടുകാരൻ എന്നീ പദ്ധതികളുമായി മുന്നോട്ട് പോകുന്നു.

## വൃത്തിയുള്ള വെള്ളിയാർ

മേലാറ്റൂരിന്റെ ഹൃദയഭാഗത്തിലൂടെ ഒഴുകുന്ന, മേലാറ്റൂർ നിവാസികൾ കുടിവെള്ളത്തിനും ജലസേചന ത്തിനും മറ്റ് പ്രാധമിക ആവശ്യങ്ങൾക്കും ആശ്രയിക്കുന്ന വെള്ളിയാർ പുഴയുടെ തീരം വൃത്തിയായി സൂക്ഷിക്കുന്ന പദ്ധതിയാണിത്. പുഴയുടെ തീരം ഒരു നിശ്ചിത ദൂരം കേഡറ്റുകൾ വൃത്തിയാക്കുന്നു. ഇതിന്റെ തുടർ പ്രവർത്തനമെന്നോണം സമീപ പ്രദേശങ്ങളിലെ വീട്ടുകളിൽ ഇക്കാര്യത്തെക്കുറിച്ച് ബോധവൽക്കരണവും നടത്തി വരുന്നു.

## പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഗുഡ്ബൈ

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കെതിരെ കുട്ടികൾക്കിടയിലും സമൂഹത്തിലും ബോധവൽക്കരണം സംഘടിപ്പിച്ച് യൂണിറ്റ് തയ്യാറാക്കിയ തുണി സഞ്ചി വിതരണം ചെയ്തു വരുന്നു.

## ശുദ്ധം സോപ്പ് നിർമ്മാണയൂണിറ്റ്

നമ്മുടെ കേഡറ്റുകൾ തയ്യാറാക്കുന്ന 'ശുദ്ധം' കുളി സോപ്പ് നിർമാണ യൂണിറ്റിലൂടെ അനേകം സോപ്പുകൾ നിർമ്മിച്ച് വിൽക്കുകയും ലഭിക്കുന്ന ചെറിയ ലാഭം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കി വെക്കുകയും ചെയ്യുന്നു.

## പെൻബാങ്ക്

വിദ്യാലയത്തിലെ പ്ലാസ്റ്റിക് പേന വലിച്ചെറിയുന്നത് ഒഴിവാക്കാൻ 'പെൻ ബാങ്ക് ' പ്രവർത്തിക്കുന്നു. ഉപയോഗശൂന്യമായ 4 പേനകൾക്കു പകരമായി ഒരു എ. ഫോർ പേപ്പർ സൗജന്യമായി നൽകുന്ന പരിപാടിയാണിത്.

വായനാരസ പുസ്തകം വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കാൻ എഴുന്നൂറോളം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറി പ്രവർത്തിക്കുന്നു. വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പുകൾ ശേഖരിക്കുകയും നൂറ് വയനാക്കുറിപ്പുകൾ സമാഹരിച്ച് 'വായനാരസ പുസ്തകം' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

## മാലിന്യ വിമുക്തമായ എന്റെ വീട് നാടിന്റെ ഐശ്വര്യം

മേലാറ്റൂർ പഞ്ചായത്തിന്റെ മാലിന്യവിമുക്ത ഗ്രാമം പദ്ധതിയായ 'മാവിഗ' യുടെ പിൻതുടർച്ചക്കായി വീടുകളിൽ മാലിന്യത്തിനെതിരെ പ്രചരണം നടത്തുന്നു. [illegible]ാതെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനായി Spc യൂണിറ്റ് തയ്യാറാക്കിയ തുണി സഞ്ചി [illegible]ല്ലാ വീടുകളിലും വിതരണം ചെയ്യുന്നു.

## GSLV Mark III Model

എല്ലാ വിദ്യാർത്ഥികളിലും ശാസ്ത്രവബോധം വളർത്തിയെടുക്കുന്നതിനായി ഇന്ത്യയുടെ അഭിമാനമായ ചാന്ദ്രയാൻ 2 വിക്ഷേപിച്ച റോക്കറ്റായ GSLV Mark III യുടെ 15 അടി ഉയരമുള്ള ഒരു നിശ്ചലമാതൃക കേഡറ്റുകൾ തയ്യാറാക്കി വിദ്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളിലും സൽസ്വഭാവം വളർത്തിയെടുത്ത് ഉത്തമരായ വരും തലമുറയെ വളർത്തിയെടുക്കുന്നതിനായി വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. നമ്മുടെ യൂണിറ്റിന്റെ പ്രവർത്തനമികവ് പരിഗണിച്ച് 2018 - 19 വർഷത്തിലെ സംസ്ഥാന സർക്കാറിന്റെ ഏറ്റവും മികച്ച SPC യൂണിറ്റിനുള്ള അവാർഡ് നേടാൻ കഴിഞ്ഞു. ഇനിയും വ്യത്യസ്തമായ മികവുറ്റ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് യൂണിറ്റ് മുറ്റോട്ട് പോകാനുള്ള തയ്യാറെടുപ്പിലാണ്.

യൂണിറ്റിൽ 8,9,10 ക്ലാസുകളിലായി 132 കേഡറ്റുകൾ ഓരോ വർഷവും ഉണ്ടായിരിക്കും. പത്താം ക്ലാസ് അവസാനിക്കുന്ന സമയത്ത് Spc യിലെ സർവീസ് അവസാനിക്കുകയും എല്ലാ കേഡറ്റുകൾക്കും സർട്ടിഫിക്കറ്റും പത്താം ക്ലാസ് പരീക്ഷയിൽ 24 മാർക്കിന് അർഹത നേടുകയും ചെയ്യുന്നു.







തസ്നീം താജ് 8.P

# പുലരി

ഉദയം കണ്ടു പ്രകാശം പുതയ്ക്കുവാൻ
മിഴി തുറക്കും എൻ വെൺശലഭങ്ങളെ
ഈ നവയുഗത്തേ വിളിച്ചുണർത്തുവാൻ
ശിൽപം രചിക്കും നിറവസന്തങ്ങളേ
ഏഴു നിറങ്ങൾ പീലി വിടർത്തും
മായികദൃശ്യമായ്
ഉണരുകയാണൊരു നവരാഗം



ജിസ്ന ജോയ് 9.H

# മൂവർണക്കൊടി

ചന്തമെഴുന്നൊരു മൂവർണക്കൊടി
വാനിലുയർന്നു പറക്കുന്നേ
കുങ്കുമവും തൂവെള്ളയുമടിയിൽ
പച്ചയുമൊന്നായ് ചേരുന്നു
നടുവിൽ നീലനിറത്തിൽ ചക്രം
തിളങ്ങിടുന്നു ചന്തത്തിൽ
നമ്മുടെ നാടിൻ പതാകയാണിത്
ഭാരതനാടിന്നഭിമാനം

# വസന്തകാലത്തെ ഓർമകളുമായി



ലെന വർഗീസ് 9.H

ഇനിയും അറിയില്ല ഈ വസന്തകാലം
വരുമോ എന്ന്
സമയത്തിന്റെ ഓരോ നിമിഷവും
പ്രകൃതിയെ നഷ്ടപ്പെടുന്നു
വസന്തത്തിന്റെ കുരുവികളുടെ കള കള മന്ദവും
നദിയുടെ നിദ്രമായ ശബ്ദവും
അഗാന്തത്തിലെ ഓർമകളിലെ മന്ദഹാസങ്ങളും
വസന്തകാലത്തു ചൂടേറ്റ് മയങ്ങുന്ന പുൽച്ചാടികളും
വസന്തകാലത്തെ ഓർക്കുന്നു
ഇനിയും അറിയില്ല വരുമോ എന്ന്
വസന്തകാലത്തു ശലഭങ്ങൾ ഇണ ചേരുന്നു
നിർമ്മലമായ നിമിഷങ്ങൾ ഇനിയും വരുമോ
കാറ്റിലെ മലരുപോലെ തഴുകിയുണർത്തുമോ
എന്നെ വീണ്ടും നീ?

## ചൂരൽ വടി

പലരും പറഞ്ഞു കേട്ടു അതിന്റെ
മധുരം കിട്ടിയപ്പോൾ ഞാനും അറിഞ്ഞു
ഇനി വേണ്ട എന്ന് പറഞ്ഞിട്ടും
തന്നവർ വീണ്ടും തന്നു പലവട്ടം
കാട്ടിലെ വള്ളി വെട്ടി ഒരുക്കി
എന്നെപ്പോലെയുള്ള വികൃതികളെ
നല്ലവരാകാൻ വന്നവനാണ് ഇവൻ
പണ്ടുതൊട്ടേ രംഗത്തുണ്ടിവൻ
ഇവന്റെ പേരാണ് ചൂരൽവടി

അലീന റോബിൻസൺ

# ജന്മദിനം


ദർശന 9.H

നിൻ  പുഞ്ചിരി  മായാതിരിക്കുവാൻ
നിന്നുള്ളിലെ  നിലയ്ക്കാത്ത-
ആഗ്രഹം  സഫലമായീടുവാൻ
നിൻവാക്കുകൾ പുഞ്ചിരി നൽകുവാൻ
ഞങ്ങൾ നേരുന്നിതായിന്ന്
“നിൻ പിറന്നാൾ ദിനത്തിൽ”
വിഫലമാകാത്ത പ്രാർത്ഥനയും കൈക്കുടന്ന
നിറയെ ആശംസയും

## പുതുവർഷം


*മുമ്പോട്ട് കുതിച്ചുപായുന്ന കാലചക്രമേ....*
*നിന്റെ ഓരോ ചലനവും എൻ മനസ്സിനെ*
*നോമ്പരപെടുത്തുന്നു*
*പിന്നിട്ട പാതകളിൽ ഇന്ന് ഓരോ കണ്ണീർ*
*തുള്ളികൾക്കും*
*അഭിനയിപ്പിച്ച സന്തോഷത്തിന്റെ*
*പേമാരിയും ഇന്നിതാ ഓർമകളായി*
*പിന്നിട്ട പാതകളിൽ കുറിച്ച് ഓർത്ത്*
*ഞാനിതാ ദുഃഖിക്കുന്നു*
*മുമ്പോട്ടുള്ള വഴികളെ കുറിച്ച് ഓർത്ത്*
*ഞാനിതാ ഭയപ്പെടുന്നു*
*കൊഴിഞ്ഞു പോയ നല്ല നാളുകളെ കുറിച്ച് ഓർത്തു*
*ഞാനിതാ സന്തോഷിക്കുന്നു*
*ഇനി എത്രനാൾ ഈ ഭൂമിയിൽ....*
*ദൈവമേ.... നിൻ വിദ്യകൾ അപാരം*
*മുമ്പോട്ടുള്ള വഴികൾ ഓർത്തുള്ള ഭീതികൾ ക്ക് അന്ത്യമെന്ന്?*
*അർത്ഥമില്ലാത്ത ചോദ്യങ്ങളുമായി*
*ജീവിതം മുന്നോട്ട്....*

# പ്രകൃതിയുടെ മനോഹാരിത

നമുക്കൊരിക്കലും പ്രകൃതിയെ മുഴുവനായി ആസ്വദിക്കാൻ സാധിക്കില്ല പ്രകൃതിയുടെ സൗന്ദര്യത്തിൽ നാം മാത്രമല്ല അതിൽ നമുക്ക് അതീതം ഉള്ള ആത്മാവ് പോലും ലയിക്കുന്നു പ്രകൃതിയുടെ മുഴുവൻ സൗന്ദര്യവും ആസ്വദിക്കാൻ കഴിഞ്ഞാൽ അതാണ് സ്വർഗ്ഗം എന്ന് പോലും നമുക്ക് തോന്നും പ്രകൃതിയുടെ ഓരോ നിമിഷങ്ങളും നമ്മെ ഏറെ ആകർഷിക്കും

ഒരു വേനലവധിക്കാലം രാജീവ് രവിയും രാധയും കാട്ടു കാണാനും പ്രകൃതിയെ ആസ്വദിക്കുവാനും തീരുമാനിച്ചു അങ്ങനെ സ്കൂൾ പൂട്ടിയ പിറ്റേ ദിവസം തന്നെ യാത്രയായി എന്തെന്നില്ലാത്ത ആകാംക്ഷയായിരുന്നു മൂവർക്കും കാട്ടു കാണാനും പ്രകൃതിയെ ആസ്വദിക്കാനും പല കാഴ്ചകൾ കാണാനിടയായി രാജു വിളിച്ചു പറഞ്ഞു നോക്കു എന്ത് ഭംഗിയാ ഈ കാട്ടുകാണാൻ അതെ അതെ ഓരോരുത്തരും തങ്ങളുടെ അഭിപ്രായം പറഞ്ഞു അങ്ങനെ അവർ കാട്ടും ആസ്വദിച്ചു നീങ്ങി കാട്ടുപഴങ്ങൾ അവരുടെ വിശപ്പടക്കി പ്രകൃതിയെ ആസ്വദിച്ച് അവർ നീങ്ങി

ലിയാന പി. 9 F



# പാലക്കാടിന്റെ മണ്ണിലേക്ക് ഒരു ജൈത്രയാത്ര

അർപ്പിത 10 G

**കേ**രള സംസ്കൃതിയുടെയും പൈതൃകത്തെയും ഈറ്റില്ലം ആയ പാലക്കാട്ടേക്ക് ആയിരുന്നു നാലുദിവസം നീണ്ടുനിന്ന വിദ്യാരംഗം സംസ്ഥാന സർഗോത്സവത്തിലെ രണ്ടാം ദിവസത്തെ പഠനയാത്ര ഓ വി വിജയൻ കുഞ്ചൻനമ്പ്യാർ ടിപ്പുസുൽത്താൻ തുടങ്ങി തങ്ങളുടെ പ്രഭാ മണ്ഡലത്തിൽ അത്യധികം ഊർജ്ജസ്വലതയോടെ വർദ്ധിച്ച മഹാനുഭാവു കളുടെ കാലടി പതിഞ്ഞ പാലക്കാടിന്റെ മണ്ണിലേക്ക് നടത്തിയ ആ ജൈത്രയാത്ര കഴിഞ്ഞുപോയ കാലത്തിലേക്കുള്ള ഒരു തിരനോട്ടം കൂടിയായിരുന്നു

രാവിലെ 8 30 ന് ആരംഭിച്ച പഠനയാത്ര ചെന്ന് അവസാനിച്ചത് പഴയകാല സാമ്രാജ്യത്തിനും രാജഭരണത്തിനും മാതൃരാജ്യത്തിനു വേണ്ടി സ്വജീവിതം ബലിയർപ്പിച്ച ഇന്ത്യൻ ഭടന്മാരുടെ സ്മൃതികൾ ഉറങ്ങുന്ന പാലക്കാട് കോട്ടയിൽ ആയിരുന്നു കുഞ്ചൻ നമ്പ്യാർ എന്ന പ്രാചീന കവിത്രയത്തിലെ തുള്ളൽ വരികൾ പ്രതിധ്വനിക്കുന്ന അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ലക്കിടിയിലെ കിള്ളിക്കുറിശ്ശിമംഗലം ആയിരുന്നു ഞങ്ങളുടെ ആദ്യ സന്ദർശന സ്ഥലം അദ്ദേഹം ജനിച്ച സ്ഥലം ഉൾപ്പെടെ ആ മഹാരഥൻ വീടും പരിസരവും ഒപ്പം മൂന്നുതരം തുള്ളലുകൾ പരിചയപ്പെടാനും ഞങ്ങൾക്കു ഭാഗ്യമുണ്ടായി അതോടൊപ്പം കലാ കേന്ദ്രത്തിലെ ഒരു വിദ്യാർത്ഥിയുടെ തുള്ളൽ അരങ്ങേറ്റം കാണാനും കുഞ്ചൻ നമ്പ്യാരെ കുറിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ സി എൻ രാധാകൃഷ്ണന്റെ പ്രഭാഷണം ശ്രവിക്കാൻ ഉള്ള സുവർണ്ണ അവസരവും ഉണ്ടായി അവിടെനിന്ന് പിന്നെ ഞങ്ങൾ എത്തിച്ചേർന്നത് മലയാള സാഹിത്യത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഓ വി വിജയന്റെ പ്രശസ്ത രചനയായ ഖസാക്കിന്റെ ഇതിഹാസത്തിലെ തസ്രാക്കിൽ ആണ് പരിഷ്കാരം അത്രയധികം കടന്നുകയറ്റം

നടത്താത്ത തസ്രാക്ക് എന്ന ആ ഒരു പ്രദേശം മൺമറഞ്ഞു പോകുന്ന നാട്ടിൻപുറ കാഴ്ചകൾ വിളിച്ചോതുന്നതായിരുന്നു ഓ വി വിജയൻഒരു എഴുത്തുകാരൻ എന്നതിനപ്പുറം നല്ല കാർട്ടൂണിസ്റ്റ് കൂടിയായിരുന്നു അദ്ദേഹത്തിന്റെ രചനകളിൽ അടുത്തറിയാനും അദ്ദേഹത്തിന് പ്രശസ്തമായ കടൽത്തീരത്ത് എന്ന കൃതിയുടെ ഡോക്യുമെന്ററി കാണാനും ഞങ്ങൾക്ക് അവസരമുണ്ടായി

പിന്നീട് ഞങ്ങൾ എത്തിച്ചേർന്നത് പാലക്കാടിനെ ഹൃദയമായ പാലക്കാട് കോട്ടയിലേക്ക് ആയിരുന്നു ബ്രിട്ടീഷുകാരുടെ ആധിപത്യത്തിനെതിരെ സധൈര്യം പടപൊരുതുക യും വീരമൃത്യു വരിക്കുകയും ചെയ്ത ടിപ്പുസുൽത്താന്റെ വീരഗാഥകൾ കോട്ടയുടെ നാലു ചുവരുകളിലും തട്ടി പ്രതിധ്വനിക്കുന്നുണ്ടായിരുന്നു വാക്കുകൾക്കതീതമായ ഹൃദ്യാനുഭവമായി ആണ് ഓരോ യാത്രയും സമ്മാനിക്കുക കളിചിരികളും പാട്ടുമായി ഞങ്ങളുടെ മനംകവർന്ന ഈ യാത്ര കൃഷ്ണ കിരീടത്തിലെ മയിൽപ്പീലിപോലെ സർപ്പങ്ങളുടെ തലയിലെ മാണിക്യ കല്ലുകൾ പോലെ കണ്ണിന് കുളിർമയും ഹൃദയത്തിന് ജീവശ്വാസം നൽകുന്ന ഒരു ദൃശ്യാനുഭവം തന്നെയായിരുന്നു.

# हमारा ज़िन्दगी :एक काला किताब

-----------------------------------------------

ज़िन्दगी ईश्वर का उपहार है। जिंदगी एक बड़ा किताब के सामान है । सुख और दुख हमारे जीवन में मेहमानों के समान एक के उपरंत एक आता - जाता है । इस जिंदगी रुपी किताब का ज्यादा अध्याय है- सुख और दुख, प्यार और ममता, हार और जीत आदि । हमें यह सब अध्यायन करना और ज्ञानी बनना है । महान व्याक्तियों से जो अपने ज़िन्दगी है, अपना संदेश, गांधी के सामान हमारा ज़िन्दगी हमारा संदेश बनाना चाहिए । हम हमारा ज़िन्दगी आँखों से देखो वह बड़ा मुश्किल है ।

लेकिन हम अपने मन से देखो वह बड़ा मज़ा और सुन्दर है । ज़िन्दगी एक काला किताब है । लेकिन प्यार, ममता, जीत , सुख आदि इस काला किताब को सुन्दर बनाते है ।

भव्य राज. के

9-I

# മരണത്തോട് അടുത്ത ജീവിതം

സൂചിയുടെ വേദനയിൽ ഞാൻ ഉണർന്നു, കണ്ണ്തുറന്ന ഉടനെ കണ്ടത് ഡോക്ടറുടെ മുഖം നിറഞ്ഞ പുഞ്ചിരി ആ ചിരികാണുമ്പോൾ ഉള്ളിൽ ഒരാശ്വാസമാണ്. മുറിയിൽ അടച്ചു പൂട്ടിയ ജനാലകൾ മരുന്നുമായി വന്ന നേഴ്സ് തുറന്നു ഞാൻ ആ ജനലിലൂടെ പുറത്തേയ്ക്ക് നോക്കി കിടന്നു. മനോഹരമായ ഓരോ കാഴ്ചകളാണ് ഞാൻ കാണുന്നത്. ഞാൻ കിടക്കുന്ന ജനാലയുടെ പുറത്തേയ്ക്ക് നോക്കിയാൽ കാണുന്നത് ദൂരെ എവിടയോ ഉള്ള മാലയാണ്. ഞാൻ ആ മലയുടെ ഒരു ദിശയിലേക്ക് നോക്കി കിടന്നു. അറിയാതെ വീണ്ടും ഞാൻ ഉറങ്ങിപ്പോയി. അമ്മ രാവിലത്തെ ചായയുമായി മുറിയിൽ വന്നു. എന്നെ ഉറക്കത്തിൽ നിന്നും ഉണർത്തി. വെറും ഒരു ഗ്ലാസ് ചായയും 4 വിധം ഗുളികയും ആണ് പ്രഭാത ഭക്ഷണം. സത്യത്തിൽ എനിക്ക് എന്താ രോഗം ഒന്നും എനിക്ക് അറിയില്ല എന്തായിരുന്നാലും ഈ മുറിയിൽ ഇങ്ങനെ കിടക്കാൻ കാരണം ഞാൻ തന്നെ ആണ് എന്റെ അമിതമായ ലഹരി ഉപയോഗവുമാണ് എനിക്ക് അറിയാം. എന്നാൽ ഇനി അധികകാലമൊന്നും ജീവിച്ചിരിക്കില്ലന്നും എനിക്കറിയാം. ഒരിക്കൽ ഡോക്ടർ അമ്മയോട് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

നിങ്ങളുടെ മോൻ ഇനി അധികകാലം ജീവിച്ചിരിക്കില്ല ഏറിപ്പോയാൽ 1 മാസം ആ ഒരു മാസം അവനെ എത്രത്തോളം സന്തോഷിപ്പിക്കാവു അതെല്ലാം നിങ്ങൾ ചെയ്യണം അതേ ഇനി നമുക്ക് കഴിയു വേറെ മാർഗവും ഇല്ല. ഇതെല്ലാം എന്റെ അമ്മയോട് ഡോക്ടർ പറഞ്ഞപ്പോൾ ഞാൻ അമ്മയുടെ മുഖതേക്ക് നോക്കി ആ കണ്ണുകളെ വെള്ളക്കെട്ടുകൾ പുറം തള്ളിയിരിക്കുന്നു. ആ മുഖം വല്ലാതെ ആയിരുന്നു. ആ നെഞ്ചിടിപ്പ് എന്റെ ചെവിയിൽ കേള്കാമായിരുന്നു. എങ്കിലും ഇതൊന്നും അറിയാത്ത മട്ടം മുറിയിൽ കിടന്നു. പിന്നെ ഓരോ ദിവസവും ഡോക്ടർ പരിശോധിക്കാൻ വരുമ്പോൾ പുഞ്ചിരിക്കും പക്ഷേ എനിക്ക് അറിയാം അത് കള്ളചിരിയാണ് എന്നിട്ട് എന്നോട് പറയും നിനക്ക് ഒരു കുഴപ്പവും ഇല്ല നിനക്ക് കുറച്ചു ദിവസം കായിന്നാൽ നിന്റെ വീട്ടിലേക്ക് പോവാം. പക്ഷെ എനിക്കറിയാം ഞാൻ ഇനി പോകുന്നത് ദൈവത്തിന്റെ അടുത്തേക് ആണ്. കുറച്ച് നേരം ഞാൻ വീണ്ടും ജനലിൽ യുടെ പുറത്തേക് നോക്കി കടന്നു ഞാൻ അറിയാതെ എന്റെ കണ്ണിൽ നിന്നും ഓരോ വെള്ളത്തുള്ളികൾ ഒഴുകാൻ തുടങ്ങി. ഞാൻ എന്റെ ജീവിതകാലത്തെക്കുറിച്ച് ഓർത്തു നോക്കി. എന്തു മനോഹരമായ ജീവിതമാണ് ദൈവം എനിക്ക് തന്നത് പക്ഷേ ഞാൻ പോലും അറിയാത്ത എന്റെ ശരീരം ഹാൻസിനും പുകയിലക്കും ഡ്രഗ്സ്സും മെല്ലാം അടിമ പെട്ടുപോയി. എത്ര ടീച്ചർ മാരാണ് എന്നെ ഉപദേശിച്ചത് അതിൽ ഒരു ടീച്ചറുടെ വാക്കുകൾ ഞാൻ അനുസരിച്ചിരുന്നെങ്കിൽ ഈ അവസ്ഥയിൽ ഞാൻ കിടക്കില്ല ആയിരുന്നു എനിക്ക് എന്റെ ഓരോ കൂട്ടുകാരുടെയും മുഖം ഓർമ്മ വരുന്നു. പാവം എന്റെ അമ്മ ആണായും പെണ്ണായും ഞാൻ മാത്രമേ ഉള്ളു ഇനി എനിക്ക് ഏതാനും ദിവസങ്ങൾ മാത്രം അതുകഴിഞ്ഞാൽ ഞാൻ വിട പറയും എനിക്ക് ജീവിക്കാൻ കൊതിയാവുന്നു. ജീവിതത്തിന്റെ മാധുര്യം എന്നിൽ നിന്ന് അകലുകയാണ്. ഞാൻ ചെയ്ത തെറ്റിന് ഉള്ള ശിക്ഷയാണ് ഞാൻ അനുഭവിക്കുന്നത്. ഇതുപോലെ ഓരോ കുട്ടികളും ഈ ലഹരിക്ക് അടിമപ്പെട്ട കൊണ്ട് അവരുടെ ജീവിതം തകരുകയാണ്. എന്റെ ജീവിതത്തിൽ ഞാൻ ഒന്നും ആസ്വദിച്ചു കിട്ടില്ല. എന്റെ ജീവിതം ഒരു ലഹരി കുപ്പിയിൽ പൂട്ടിയ തായിരുന്നു. താക്കോൽ കൊണ്ട് പൂട്ട തുറന്ന് അതിൽ നിന്നും എന്നെ മോഹിച്ചപ്പോൾ എന്നെ കാത്തിരുന്നത് മരണമാണ്. മരണമേ നിന്നെ ഞാൻ ഭയപ്പെടുന്നു.

Sana.. v
9 - I



# ജയിലറക്കുള്ളിൽ

റുബീന മോൾ 9.M

ജയിലഴികൾ പിടിച്ച് പുറത്ത് ആർത്തലച്ച് പെയ്യുന്ന മഴയെ നോക്കി തോമസ് തൻറെ ഓർമ്മകളിലേക്ക് വഴുതിവീണു. രണ്ടു വർഷം പഴക്കം ചെന്ന ആ കൈപ്പേറിയ ഓർമ്മ 25 വയസ്സിന്റെ മൂപ്പിൽ അപ്രതീക്ഷിതമായി ബസ് സ്റ്റോപ്പിൽ വെച്ച് തൻറെ മിഴികൾ കീഴടക്കിയ സുന്ദരി പെണ്ണായ തന്റെ ജീവിതത്തിലേക്ക് കടന്നു വരേണ്ടവളായിരുന്ന അലീന. കണ്ട ഉടനെ തോമസിന് അവളെ അതിയറ്റ് ഇഷ്ടമായി. നക്ഷത്ര മിഴികൾ, പ്രകാശംപരത്തുന്ന ചിരികൾ... വീട്ടിൽ തനിക്കുവേണ്ടി പെണ്ണിനെ ആലോചിക്കുന്നത് കൊണ്ട് അല്പം ധൈര്യത്തോടെ തന്നെ അമ്മയോട് കാര്യം പറഞ്ഞു. പേരും ഊരുമറിയാത്ത ഒരു പെണ്ണിനെ ഒറ്റനോട്ടത്തിൽ തന്നെ ഇഷ്ടമാണെന്ന തൻറെ മനോഭാവത്തേിൽ തോമസിന് തന്നെ പരിഭവം ഉണ്ടെങ്കിലും അവൾ അവൻറെ മനസ്സിൽ കയറി പറ്റിയിരുന്നു. വീട്ടുകാർക്കും "എല്ലാം അന്വേഷിച്ചിട്ട് ആവാം" എന്ന മറുപടി ആയത് കൊണ്ട് തെല്ലൊന്ന് ആശ്വാസമായി. ദിവസവും വൈകുന്നേരം ജോലി കഴിഞ്ഞ് നാട്ടിലെ കൂട്ടുകാരോടൊപ്പം ചുറ്റിക്കറങ്ങിയി രുന്ന തോമസിന്റെ ജീവിതത്തിൽ മാറ്റങ്ങൾ വന്നു. ദിവസവും വൈകുന്നേരം ബസ്റ്റോപ്പിൽ ചെന്നിരുന്ന് തന്റെ മാലാഖ വരുന്നതും അന്വേഷിച്ച് ഇരിക്കും . ഇന്ന് വരെ അവളെ പിന്നെ അവൻ കണ്ടിട്ടില്ല. എങ്കിലും ഇന്ന് അല്പം പ്രതീക്ഷയോടെയാണ് തോമസ് ബസ് സ്റ്റോപ്പിലേക്ക് നടന്നത്. കൂട്ടുകാരെല്ലാം തന്നെ പരിഹസിക്കാൻ തുടങ്ങിയിരിക്കുന്നു. "ഊരും പേരും അറിയാത്ത പെണ്ണിനെ സ്നേഹിക്കുക" എന്നായിരുന്നു അവരുടെ വാചകം. അവൻ ബസ്സ്റ്റോപ്പിൽ ഇരുന്നു. പെട്ടെന്നാണ് ഒരു മഞ്ഞക്കിളി അവന്റെ കണ്ണിൽ പെട്ടത്. അതാ, അത് അവളാണ്, അവൾ തന്നെ, അതേ ചിരി, അതേ മുഖം, അതേ കണ്ണുകൾ... അവൾ ബസ് സ്റ്റോപ്പിലേക്ക് തന്നെയാണ് നടന്നുവരുന്നത്. അവന്റെ മനസ്സിൽ സന്തോഷവും പേടിയും കൂടിച്ചേർന്ന ഒരു പ്രത്യേക അവസ്ഥ പ്രകടമായിരുന്നു. അവൾ സ്റ്റോപ്പിലെത്തി ചുറ്റും ഒന്നും നോക്കാതെ ഫോണെടുത്തു. കുറേനേരം അവൻ അവളെ നോക്കി നിന്നെങ്കിലും ഒന്നും പറയാനുള്ള ധൈര്യം അവൻക്കുണ്ടായിരുന്നില്ല. എങ്കിലും ഒരു വിധത്തിൽ പേരും സ്ഥലവുമെല്ലാം ചോദിച്ചറിഞ്ഞു. അലീന, വീട് മംഗലാ പുരം, അല്പം ദൂരെയാണ് എങ്കിലും സാരമില്ല. അവൻ ഒരു വിധത്തിൽ അഡ്രസ്സുകൾ എല്ലാം കൈപ്പറ്റി. പിറ്റേന്ന് ഞായറാഴ്ചയാണ്, വീട്ടിലേക്ക് മടങ്ങുന്ന ഓരോ നിമിഷത്തിലും അവൾ എന്റേതാണെന്ന് ഉള്ളിൽ നിന്നു ആരോ വിളിച്ചു പറയുന്നതായി അവൻക്ക് തോന്നി. അമ്മയോട് എല്ലാം പറഞ്ഞു, രാത്രി വളരെ വൈകിയാണ് അച്ഛൻ വന്നത് എങ്കിലും എല്ലാം പറഞ്ഞതിനു ശേഷം ആണ് അവൻ കിടപ്പുമുറിയിലേക്ക് പോയത്. അവൾ വിവാഹിതയല്ല, നാളെ അവൾ വീട്ടിൽ ഉണ്ടാവും, നാളെത്തന്നെ പോവണം അവൻ വാശിപിടിച്ചു. "ചെക്കന്റെ ഒരു ഭ്രാന്ത്, സ്വൈര്യല്ല്യ...... വല്ല പെണ്ണിനെയും കണ്ടു വന്ന് ഒച്ചയും ബഹളവും വെക്കുന്നു,എന്നെല്ലാം പറഞ്ഞ് അമ്മ ശകാരിച്ചു.എങ്കിലും,അച്ഛൻ സമ്മതം നൽകി.

പിറ്റേന്ന് രാവിലെ നേരത്തെ എണീറ്റു. തന്റെ സുന്ദരിയെ കൈപറ്റാനുള്ള ആദ്യ ചവിട്ടു പടിക്ക് വേണ്ടി അവൻ തയ്യാറെടുത്തു.അവൻക്ക് ഇനി ഒരു പെണ്ണ് കാണലിന്റെ ആവശ്യമില്ല, എങ്കിലും നാട്ടുകാരെക്കൊണ്ട് പറയിപ്പിക്കുന്നതിന് വേണ്ടിയാണ് അവൻ പോവുന്നത്.

ഗോകുലും റഷീദും കാറുമായി വന്നു. അവൻ അമ്മയുടെയും അച്ഛന്റെയും സമ്മ[illegible] വാങ്ങി അൽപം ഗമയിൽ കാറിൽ കയറി ഇരുന്നു. അവൻ മെല്ലെ കണ്ണടച്ചു.

പെട്ടന്ന് ഒരു ദുസ്വപ്നം കണ്ട് ഞെട്ടി ഉണർന്നത് കണ്ട ഗോകുൽ കളിയാക്കി. കൂടെ അവൻ പറഞ്ഞു "നീ പറഞ്ഞ അഡ്രസ് വെച്ച് ഇനി വെറും 1km മാത്രമേ ഒള്ളു ഒന്ന് ഉഷാറായി ഇരുന്നോ". അവൻ മുഖം തുടച്ച് ഒന്ന് നിവർന്നിരുന്നു. കാറ് ഒരു കടയുടെ മുമ്പിൽ നിറുത്തി, കടക്കാരനോട് റഷീദ് അഡ്രസിലെ ആളുടെ വീട് അന്വേഷിച്ചു. കാറ് വീണ്ടും മുന്നോട്ട്... ഒടുവിൽ ഒരു രണ്ടു നില വീട്ടിലേക്ക്, അവൻ പുറത്തേക് എത്തി നോക്കി ,ഒരാൾ ഇറങ്ങി വന്നു. "വരു വരു ഇരിക്കു.... മോളെ..." തുടങ്ങിയ വാക്കുകൾ അയാൾ വിളിച്ച് പറഞ്ഞു. നിമിഷങ്ങൾക്കുള്ളിൽ അവൾ ചായയുമായി കടന്ന് വന്നു. തോമസിനെ കണ്ടതും അവളുടെ കണ്ണിൽ വെള്ളി പാഞ്ഞു.

ചായ കുടിയും സംസാരവും കഴിഞ്ഞു പുറത്തു വന്ന തോമസ് അലീനയുടെ അച്ഛനോട് എനിക്കിഷ്ടമായി എന്ന് പറഞ്ഞു. അത് അല്പം എടുത്തു ചാട്ടം ആയി തോന്നിയ ഗോകുൽ വണ്ടിയിൽ നിന്നും പറഞ്ഞു "നിന്റെ ഒരു കാര്യം എല്ലാം അങ്ങ് എടുത്തു ചാടി പറയും" തോമസ് ഒന്നും മിണ്ടിയില്ല.
അവന്റെ മനസ്സിൽ അടുത്തത് മോതിരമിടൽ ചടങ്ങ് മാത്രമായിരുന്നു. രണ്ടു പേരുടെയും പൂർണ ഇഷ്ടപ്രകാരംആ ചടങ്ങും മനോഹരമായി നടന്നു.

ഇനി അലീന തോമസിനുള്ളതാണ്, അവൻക്ക് മാത്രം... ദിവസവും രാവിലെയും രാത്രിയും ഫോൺ വിളി. ആഴ്ചയിൽ ഒരു ദിവസം ചുറ്റികറക്കം അങ്ങനെ നീളുന്നതായിരുന്നു അവരുടെ ലിസ്റ്റ്. ഒരു ദിവസം അലീന ദൂരയാത്രക്ക് വേണ്ടി അവനോട് ആവശ്യപ്പെട്ടു. അത് തോമസും ആഗ്രഹിച്ചതാണ്. പക്ഷെ അവളുടെ രക്ഷിതാക്കൾക്ക് ഈ ചുറ്റിക്കറക്കമൊന്നും വലിയ ഇഷ്ടമില്ലാത്തത് കൊണ്ട് ഉള്ളിൽ ഒതുക്കിയ മോഹമാണ്, എന്നാൽ അവൾ ഇങ്ങോട്ട് ആവശ്യപ്പെട്ടത് കൊണ്ട് അവൻക്ക് നൂറു ശതമാനം സമ്മതമാണ്.
ദിവസം തീരുമാനിച്ചു, അലീനയുടെ അച്ഛനമ്മമാർ പല തവണ എതിർത്തു എങ്കിലും അവർ അതിന് വഴങ്ങിയില്ല. പിന്നീടുള്ള ഫോൺ വിളിയിലെല്ലാം ടൂറായിരുന്നു വിഷയം. ദിവസങ്ങൾക്ക് വേഗം കൂടുതലായത് കൊണ്ട് ആ ദിവസം വന്നെത്തി. മലയും കുന്നും തണുപ്പും നിറഞ്ഞ ഭാഗങ്ങൾ ആണ് അവരുടെ ലക്ഷ്യം. ജീവിതത്തിൽ അവർ ഏറ്റവും സന്തോഷിച്ച നിമിഷങ്ങൾ. യാത്രയിലെ അനുഭവങ്ങളും അവരുടെ സംസാരവും യാത്രയെ കൂടുതൽ മനോഹരമാക്കി. രാത്രി റൂം എവിടെയും കിട്ടിയില്ല. ഒടുവിൽ റൂം അന്വേഷിച്ച് കാറിൽ ചുറ്റുകയാണ് . ചിരിയും തമാശയും പറഞ്ഞ് മുന്നോട്ട് നീങ്ങി. പെട്ടെന്ന് അവന്റെ കണ്ണുകൾ അവൻ അറിയാതെ യാത്രാക്ഷീണം കൊണ്ട് ഒന്ന് അടഞ്ഞു. പെട്ടെന്ന് കണ്ണുതുറന്നതും മുന്നിൽ അതാ വലിയ ടാങ്കർ ലോറി ബ്രേക്ക് ആണെന്ന് കരുതി അവൻ ചവിട്ടിയത് ആക്സിലേറ്റർ ആയിരുന്നു. ആ... ട്ടും... ആ... അമ്മേ... ശബ്ദം കേട്ട് ഓടിവന്ന ആളുകൾ കണ്ടത് രക്തത്തിൽ കുളിച്ചു കിടക്കുന്ന അലീനയെയും തോമസിനെയും ആണ്.

പെട്ടെന്ന് ആശുപത്രിയിലെത്തിച്ചു. ഒരോദിവസവും മാധ്യമങ്ങളിൽ വാർത്തകൾ വന്നു. അലീന ഗുരുതരാവസ്ഥയിൽ, തോമസ് സുഖം പ്രാപിച്ചു വരുന്നു. തന്റെ കയ്യബദ്ധം മൂലമുണ്ടായ അപകടത്തിൽ തോമസിന് സങ്കടം അടക്കാനായില്ല. "എന്റെ അലീന..." എന്ന് അവൻ പൊട്ടിക്കരഞ്ഞു. പുറത്തു ജനസമുദ്രം. പെട്ടന്ന് അതാ ഒരു വാർത്ത, തന്റെ അലീന ഈ ലോകം വിട്ടു പോയി. ഒതുക്കാൻ ആവാത്ത സങ്കടത്തോടെ പൊട്ടിക്കരഞ്ഞ് അലീനയെ നോക്കി. ഡോക്ടർമാരുടെ നീണ്ട പരിശ്രമത്തിനൊടുവിൽ തന്റെ അലീന ലോകം വിട്ടു പോയിരിക്കുന്നു. തോമസ് തന്റെ സമനില തെറ്റി അലറി. അവസാനമായി ഒന്ന് കാണാൻ അവൻ അവളുടെ അടുത്തെത്തി. തന്റെ മാലാഖ, തന്റെ അലീന, അവൾ പോവുകയാണ്. സംസ്കാര ചടങ്ങുകൾ കഴിഞ്ഞു. പെട്ടെന്ന്, പുറത്ത് നിന്നും പോലീസ് വണ്ടിയുടെ ശബ്ദം. തോമസ് തന്റെ അവശമായ കൈകൾകൊണ്ട് ചുമര് പിടിച്ചു പുറത്തേക്ക് വന്നു. പോലീസ്, അവർ വീട്ടിലേക്ക് വരുകയാണ്. തോമസിനെ കണ്ടതും അവർ അവന്റെ കയ്യിൽ വിലങ്ങിട്ടു. അവൻ പരിഭ്രമിച്ചു. "എന്താ ഇത്? എന്നെ

വിട്ടു"എന്ന് പറഞ്ഞ് പലതവണ കരഞ്ഞു. അവന്റെ അമ്മയും അച്ഛനും പോലീസിനെ സമീപിച്ച തന്റെ മകൻ നിരപരാധിയാണെന്നും, എന്തിനാണ് അവനെ കൊണ്ടു പോകുന്നത് എന്നും പറഞ്ഞു പൊട്ടിക്കരഞ്ഞു. പക്ഷേ, പോലീസുകാരുടെ മറുപടി കേട്ട് അവർ തളർന്നു. ഇത് അലീനയുടെ പിതാവിന്റെ പരാതിയാണ്, തോമസ് കൊലപാതകിയാണ് എന്നല്ലാം ആയിരുന്നു അവരുടെ വാക്കുകൾ. അവൻ ആകാവുന്നത്ര പറഞ്ഞെങ്കിലും "തന്റെ അലീന ഇല്ലാത്ത ലോകത്ത് എനിക്കും സന്തോഷം വേണ്ട" എന്നായിരുന്നു അവന്റെ മനോഭാവം.

ഒരു ദീർഘനിശ്വാസത്തോടെ അവൻ ഓർമ്മകളിൽനിന്നും മുക്തമായി. ഇപ്പോൾ അവന്റെ കണ്ണുകളിൽ ആണ് പേമാരി. കണ്ണുകൾ തുടച്ച് അവൻ ചുമരിൽ ചാരി നിന്നു.

## എന്റെ അലീന......



# കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് & ഗൈഡ്സ്
# ആർ.എം.എച്ച്.എസ്. മേലാറ്റൂർ

സ്കൗട്ട് ഗൈഡ് പ്രസ്ഥാനത്തിന്റെ സ്ഥാപകൻ സാർ. റോബർട്ട് സ്റ്റീഫൻ സൺ സ്മിത്ത് ബേഡൻ പവ്വൽ ആണ് പ്രസ്ഥാനം സ്ഥാപിക മായത് 1907 ആണ് ഇന്ത്യയിൽ രാഷ്ട്രപതിയും സംസ്ഥാനത്ത് ഗവർണറും ആണ് പ്രസ്ഥാനത്തിന്റെ രക്ഷാധികാരികൾ.

## ഉദ്ദേശ്യം

* കുട്ടികളിൽ ശാരീരികവും മാനസികവും ധാർമികവുംമായ വികാസം ലക്ഷ്യം വെയ്ക്കുന്നു
* വ്യക്തിത്വ വികസനം പരിപാടികൾ
* കായിക പരിശീലന പരിപാടികൾ
* നേതൃത്വ പാഠ പരിശീലനം
* സാമൂഹ്യ സേവന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുന്നു
* കരാട്ടെ, യോഗ, മാർഷൽ ആട്സ് പരിശീലനം
* ദേശീയ, സംസ്ഥാന അവാർഡുകൾ

## നേട്ടങ്ങൾ

* വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച വലിയ യൂണിറ്റ് ആർ. എം. എച്ച്.എസ്. ആണ്
* 16 അധ്യാപകരുടെ കീഴിൽ 512 കുട്ടികൾ പരിശീലനം നേടുന്നു
* ഓരോ വർഷവും 50 ഓളം കുട്ടികൾ സംസ്ഥാന അവാർഡിന് അർഹത നേടുന്ന വിദ്യാലയം
* 100% കുട്ടികൾക്കും സംസ്ഥാന അവാർഡ് ലഭിക്കുന്ന ജില്ലയിലെ ഏക യൂണിറ്റ്
* സംസ്ഥാന ക്യാമ്പ്ആയ ക്യാംബൂരിയിൽ ജില്ലയെ പ്രതിനിധീകരിച്ച സ്കൗട്ട് ഗൈഡ് വിദ്യാലയം
* സംസ്ഥാനത്ത് സ്കൗട്ട് ഗൈഡ് ബാൻഡ് ഉള്ള ഏക യൂണിറ്റ് ആർ. എം. എച്ച്. എസ് ആണ്
* സ്വാന്തനം പദ്ധതി

നിർധനരായ വിദ്യാലയത്തിലെ കുട്ടികളുടെ ചികിത്സാ സഹായ നിധി, എല്ലാ വെള്ളിയാഴ്ചകളിലും സ്വാന്തനം ഫണ്ട് സമാഹരിച് ആവശ്യാനുസരണം കുട്ടികൾക്കു വിതരണം ചെയ്യുന്നു

## സ്വാന്തനം പേന പദ്ധതി

പ്ലാസ്റ്റിക് മുക്ത ക്യാമ്പസിൽ കടലാസ് പേനകൾ സ്കൗട്ട് ഗൈഡ്കൾ നിർമ്മിച് സ്വാന്തനം ഫണ്ടിലേക്ക് സമാഹരണം നടത്തുന്നു

## ജൈവ വൈവിധ്യ ഉദ്യാനം

സ്കൗട്ട് ഗൈഡ് കളുടെ നേതൃത്വത്തിൽ സ്കൂളിൽ ഔഷധ സസ്യങ്ങളും, പൂച്ചെടികളും, നട്ടുവളർത്തി, ക്യാമ്പസ്
സൗന്ദര്യ വൽക്കരണം പദ്ധതി നടപ്പിലാക്കുന്നു

## ജൈവ പച്ചക്കറി കൃഷി പരിശീലനം

ജൈവ പച്ചക്കറി കൃഷിരീതി കുട്ടികളിൽ പരിശീലിപ്പിക്കുന്നു, വീട്ടിൽ പച്ചക്കറി തോട്ടം നിർമ്മിക്കാൻ പരിശീലനം എന്ന രീതിയിൽ കുട്ടികളിൽ പച്ചക്കറി കൃഷി പരിശീലിപ്പിക്കുന്നു

## അവാർഡുകൾസ്കൗട്ട് ഗൈഡ് കൾ

5 ആം ക്ലാസ്സ് മുതൽ 10 വരെയുള്ള പ്രവർത്തന മികവിന് രാജ്യം രാഷ്ട്രപതി അവാർഡും സംസ്ഥാന രാജ്യപുരസ്കാർ അവാർഡും നിൽക്കുന്നു. രാഷ്ട്രപതി അവാർഡിന് 48 മാർക്കും രാജപുരസ്കാർ അവാർഡിന് 24 മാർക്കും ഗ്രേസ് മാർക്ക് ലഭിക്കുന്നു സംസ്ഥാന സർവീസുകളിൽ ജോലി മുൻഗണനയും അവാർഡ് ലഭിച്ച അവർക്ക് നൽകുന്നു








# ക്രൂരതയുടേയും അഹങ്കാരത്തിന്റേയും പ്രതിഫലം

ക്ലോർക്ക് എന്ന രാജ്യത്ത് അധിസുന്തരിയായ ക്രൂരസ്ത്രയും അഹങ്കാരിയുമായ ഒരു രാജകുമാരി ഉണ്ടായിരുന്നു.അവളുടെ പേര് ഡയാന എന്നായിരുന്നു.ഒരു ദിവസം അവൾക്ക് കാട്ടിലൂടെ പോകാൻ ഒരു ആശതോന്നി.ഡയാന തന്റെ അച്ഛനോട് ചോദിച്ചു.അച്ഛൻ മനസ്സില്ലാമനസ്സോടെ സമ്മദിച്ചു.കാട് വളരെ അപകടം പിടിച്ചതാണ് അതുകൊണ്ട് സൂര്യൻ അസ്തമയത്തിന് മുന്നെ തന്നെ വീട്ടിലേക്ക് തിരിച്ചു വരണം.അങ്ങനെ അവൾ പരിചാരകരുടെ കൂടെ കാട്ടിലേക്ക് പുറപ്പെട്ടു. അങ്ങനെ അവൾ കാട്ടിലെത്തി.ഡയാനക്ക് വിശക്കാൻ തുടങ്ങി.അവൾ ഭക്ഷണം കഴിക്കാൻ തുടങ്ങിയതും ഒരു വൃദ്ധൻ അതുവഴി വന്നു.അവർ ഭക്ഷണം കഴിക്കുന്നത് കണ്ട് ആ വൃദ്ധൻ അവരുടെ അടുത്തേക്ക് വന്നു. അവരോട് ഭക്ഷണം ചോദിച്ചു.അപ്പോൾ ഡയാനയുടെ കൂടെ ഉണ്ടായിരുന്ന പരിചാരകർ ആ വൃദ്ധനെ ആട്ടിയോടിച്ചു.അപ്പോൾ ആ വൃദ്ധൻ ഒരു മന്ത്രവാദിയായി മാറി.ഉടനെ തന്നെ ആമന്ത്രവാദി ഉടനെ തന്നെ ആ മന്ത്രവാദി ഡയാനയെ ശപിച്ചു .അവൾ ഒരു മീനായ് മാറി. ഉടനെ തന്നെ അവളുടെ പരിചാരകർ അവിടെ കണ്ട ഒരു പുഴയിലേക്ക് അവളെ എറിയുഞ്ഞു.എന്നിട്ട് അവർ ഒന്നും അറിയാത്ത പോലെഅവർ കൊട്ടാരത്തിലേക്ക് ചെന്നു.രാജാവ് അവളെവിടെ എന്ന് ചോദിച്ചപ്പോൾ അവൾ ആക്രമണത്തിത്തിൽ മരിച്ചു പോയെന്ന് അവർ പറഞ്ഞു. അതോടെ അവളുടെ ക്രൂരതയും അഹകങ്കാരവും ഇല്ലാതായി.ഉടനെ തന്നെ ആ മന്ത്രവാദി ഡയാനയെ ശപിച്ചു .അവൾ ഒരു മീനായ് മാറി. ഉടനെ തന്നെ അവളുടെ പരിചാരകർ അവിടെ കണ്ട ഒരു പുഴയിലേക്ക് അവളെ എറിയുഞ്ഞു.എന്നിട്ട് അവർ ഒന്നും അറിയാത്ത പോലെ അവർ കൊട്ടാരത്തിലേക്ക് ചെന്നു.രാജാവ് അവളെവിടെ എന്ന് ചോദിച്ചപ്പോൾ അവൾ ആക്രമണത്തിത്തിൽ മരിച്ചു പോയെന്ന് അവർ പറഞ്ഞു. അതോടെ അവളുടെ ക്രൂരതയും അഹങ്കാരവും ഇല്ലാതായി.

# നീല കണ്ണുള്ള ആത്മാവ്

ഫാത്തിമ ഹന്ന 8.D

ഞാൻ ഡ്യൂട്ടിയിൽ പ്രവേശിച്ചിട്ട് ഏകദേശം രണ്ടു വർഷം തികയുന്നു. ഇതു വരെ എന്നെ സമീപിച്ച എല്ലാ രോഗികളെയും നന്നായി പരിചരിക്കാൻ സാധിച്ചു. ഒരു വെള്ളിയാഴ്ച പതിവുപോലെ ഞാൻ ആശുപത്രിയിൽ പോകാനായി ധൃതിയിൽ ഒരുങ്ങി കാറിൽ പെട്രോൾ കുറവായിരുന്നു. പെട്രോൾ അടിക്കാനായ് തിരക്കിട്ട് ഞാൻ എന്റെ കാറുമായി അവിടെ എത്തി. എത്തിയതും തിരക്കിട്ട് ശബ്ദത്തോടെ പോകുന്ന ആംബുലൻസ് എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഞാൻ എന്റെ യാത്ര ആരംഭിച്ച് ആശുപത്രിയിൽ എത്തി . ഞാൻ കണ്ട ആ കാഴ്ച്ച തികച്ചും ദയനീയമായിരുന്നു. ചോരയുടെ നിറപ്പകർപ്പാൽ ശരീരം പൊതിയപ്പെട്ട ഒരു നീല കണ്ണുള്ള പെൺകുട്ടി . അവൾക്ക് ചുറ്റും ആളുകൾ കൂട്ടംകൂടിയിരിക്കുന്നു. അപ്പോഴാണ് കാര്യം മനസ്സിലായത് ഞാൻ മുന്നേ കണ്ട ആംബുലൻസിൽ അവളായിരുന്നു. കരച്ചിലിന്റെയും ആർത്തുവിളിയുടെയും ശബ്ദം ആശുപത്രിയാകെ പ്രതിധ്വനിച്ചു സമയം ഒന്നര കഴിന്നിരുന്നു. ഭക്ഷണം കഴിക്കാൻ ഡ്യൂട്ടിയിലുള്ള ഞങ്ങൾ അഞ്ചുപേർ അടങ്ങുന്ന സംഘം പുറത്തേക്കുപോവാൻ തീരുമാനിച്ചു. അന്ന് ആകെയുള്ള ചർച്ച ആവളെ കുറിച്ചായിരുന്നു വയസ്സ് അതായിരുന്നു അവളുടെ പേര് കൂടെയുണ്ടായിരുന്ന എന്റെ അടുത്ത സുഹൃത്തിനോട് ഞാൻ കാര്യം അന്വേഷിച്ചു. അവളൊരു പ്രണയത്തിനടിമപ്പെട്ടുയർന്നു പൊങ്ങിയ ബിൽഡിങ്ങിൽ നിന്നും ചാടുകയായിരുന്നു, എന്തിന് എന്ന് ഞാൻ ചോദിച്ചപ്പോൾ അവളുടെ ഉത്തരം എന്നെ തികച്ചും അത്ഭുതപ്പെടുത്തി അവൻഅവളെ ഒരു പാർട്ടിക്ക് വരാൻ നിർബന്ധിക്കുകയും അവളെ വേണ്ടാതിനം കാട്ടുകയും ചെയ്തു അതായിരുന്നു അവളുടെ ആത്മഹത്യക്കുള്ള കാരണം.

മരണം ഒരുമാർഗ്ഗമല്ല എന്ന് ഓർമിപ്പിക്കുന്നു.

# കാടറിയാൻ നാടൻമാർ

സഹ്യന്റെ വിരിമാറിൽ ധനുമാസ കുളിരിന്റെ മധുരാലസ്യത്തിൽ നിന്ന് ഉണർന്നെഴുന്നേറ്റ അട്ടപ്പാടി മലനിരകൾ. പൊൻ ചിലങ്കയുടെ ശബ്ദത്തോടെ വെള്ളാരം കുന്നുകളെ തഴുകി ഒഴുകുന്ന കുന്തിപ്പുഴ. മലനിരകളിലൂടെ വളഞ്ഞ് പുളഞ്ഞ് പോകുന്ന റോഡിലൂടെ ഏഴു പേരടങ്ങുന്ന സംഘത്തിന്റെ വാഹനം ഇഴഞ്ഞ് നീങ്ങിക്കൊണ്ടിരുന്നു. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നിന്ന് 28 കി.മി ആനക്കട്ടി റോഡിലൂടെ സഞ്ചരിച്ചാൽ താവളം എന്ന സ്ഥലത്തെത്താം.[1/28, 7:25 PM] krishnap705: അവിടെ നിന്ന് ഇടത്തോട്ട് മാറിയുള്ള റോഡിലൂടെ സഞ്ചരിച്ചാൽ പുത്തൂർ, ചാവടിയൂർ വഴി കോട്ടത്തറ എത്താം. വനപ്രദേശത്തുകൂടിയുള്ള യാത്ര വേണമെന്നതിനാൽ ഞങ്ങൾ ആ വഴി തിരഞ്ഞെടുത്തു. 8. 30 ന് ആന മൂളി എന്ന സ്ഥലത്തു നിന്ന് പ്രഭാത ഭക്ഷണം കഴിഞ്ഞ് 10.30 തോട് കൂടി ഞങ്ങൾ വനപ്രദേശത്തിലെ കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ സഞ്ചരിച്ച് ചാവടിയൂർ എത്തി. കണിക്കൊന്നയുടെ നിറമുള്ള പപ്പായ സുലഭമായി ലഭിക്കും ഇവിടെ. ഇടതൂർന്ന പപ്പായ മരങ്ങൾക്കിടയിലൂടെ നടന്ന ഞങ്ങൾ ഒരു ഗ്രാമവാസിയുടെ സഹായത്തോടെ പത്ത് പതിനഞ്ച് പപ്പായ വാഹനത്തിൽ കയറ്റി.

ആനക്കട്ടി തമിഴ് നാട് അതിർത്തിയിൽ കയറി നൂറ് മീറ്റർ മുന്നോട്ട് നീങ്ങിയ നമ്മുടെ വാഹനം ഇടതു വശം ചേർന്ന് കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ പതുക്കെ നീങ്ങിക്കൊണ്ടിരുന്നു. ചെറിയ ശബ്ദത്തിൽ വാഹനത്തിൽ നിന്നും എൺപതുകളിൽ S. P ബാലസുബ്രമണ്യം പാടിയ 'വാസമില്ല മലരിത് വസന്തത്തെ തേടും' എന്ന ഗാനം ഒഴുകി വരുന്നു. പാട്ടിൽ ശ്രദ്ധിക്കുന്നുണ്ട എങ്കിലും പുറത്തെ വന സൗന്ദര്യത്തിൽ ഞങ്ങൾ മുഴുകി. വിറക് ശേഖരിക്കുന്ന ആദിവാസി സ്ത്രീകളും കുരങ്ങൻമാരും മാത്രമാണ് ആ സമയത്ത് അവിടെ കാണാൻ കഴിഞ്ഞത്. ദേശീയപാതയിലൂടെയുള്ള യാത്ര ഒഴിവാക്കി കാനന സൗന്ദര്യം ആസ്വദിക്കുക എന്നതായിരുന്നു യാത്രയുടെ പ്രാഥമിക ലക്ഷ്യം.

കുറച്ച് ദൂരം സഞ്ചരിച്ചപ്പോൾ ഞങ്ങൾക്ക് കോയമ്പത്തൂർ ജില്ലയിലെ ആന്നൂർ, പുളിയാംപെട്ടി എന്നീ ഗ്രാമങ്ങൾ പിന്നിടാൻ സാധിച്ചു. ആ റോഡിലൂടെ ഏകദേശം 40 കി.മി പിന്നിട്ടപ്പോൾ ഈ റോഡ് ജില്ലയിലെ ഭവാനി നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന സത്യമംഗലം എന്ന ചെറിയ ടൗണിൽ എത്തിച്ചേർന്നു. വീരപ്പൻ അധിവസിച്ചിരുന്ന വനപ്രദേശമായിരുന്നു ഇത്. ഇവിടെ നിന്ന് ഈ റോഡ് പട്ടണത്തിലേക്ക് ഏകദേശം 65 കി.മി ദൂരമാണുള്ളത്. 2008 ൽ ദേശീയോദ്യാനമായി പ്രഖ്യാപിച്ചിട്ടുള്ള വനമാണ് സത്യമംഗലം. റോഡരികിലുള്ള ഭക്ഷണ ശാലയിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ചു. [1/28, 10:23 PM] krishnap705: ഭവാനി ഡാമിൽ നിന്നുള്ള മൽസ്യം കൊണ്ടുണ്ടാക്കിയ വിഭവങ്ങൾ സുലഭമായിരുന്നു ഹോട്ടലിൽ, കഴിക്കാൻ എന്താണ് ഉള്ളതെന്ന് ചോദിച്ചപ്പോൾ 'ചോറും മീൻ കൊളമ്പും ഇരക്ക്' എന്ന മറുപടി കിട്ടി. മുപ്പത് രൂപക്ക് സാമാന്യം വലിപ്പമുള്ള മത്സ്യ കഷണം തന്നു ഞങ്ങൾക്ക്.

ഭക്ഷണത്തിന് ശേഷം സാമാന്യം വീതി കൂടിയ സ്റ്റേറ്റ് ഹൈവെയിലൂടെ യാത്ര തുടർന്നു. വിവിധ ജംഗ്ഷനുകൾ താണ്ടി ഈറോഡ് ജില്ലയിലെ ഒരു താലൂക്കായ 'ഭവാനി' യിൽ എത്തിചേർന്നു. ചെറിയ ജംഗ്ഷനുകൾ എത്തുമ്പോൾ വഴി ചോദിച്ചു മനസ്സിലാക്കിക്കൊണ്ടിരുന്നു ഞങ്ങളുടെ ടീം ലീഡർ. യാത്രാ സമയത്ത് റോഡിനിരുവശവും ചോളം പുഴുങ്ങി വിൽക്കുന്ന സ്ത്രീകൾ ഇരിക്കുന്നുണ്ടായിരുന്നു. വണ്ടിനിർത്തി അത് വാങ്ങി കഴിച്ചു. പിന്നീടുള്ള യാത്രയിൽ മുഴുവൻ നയനാനന്തരമായ പ്രകൃതി സൗന്ദര്യം ഞങ്ങളുടെ യാത്രാ ക്ഷീണത്തെ ലഘൂകരിച്ചു. നിലക്കടലയുടെയും പരുത്തിയുടെയും തോട്ടങ്ങൾ സുലഭമാണിവിടെ.

ഏകദേശം 5 മണിയോട് കൂടി ഞങ്ങൾ സേലം ജില്ലയിലെ വ്യവസായിക വിനോദ സഞ്ചാര പ്രാധാന്യമുള്ള ഒരു മുൻസിപ്പാലിറ്റിയായ മേട്ടൂർ എത്തി. പർവ്വതങ്ങളുടെയും ഗർത്തങ്ങളുടെയും നാട് എന്നതാണ് മേട്ടൂർ എന്നതിന്റെ അർത്ഥം വലിയൊരു ഡാമും ഊർജ്ജോൽപാദന കേന്ദ്രവും ഇവിടെ സ്ഥിതി ചെയ്യുന്നു. ഈ റോഡ്, സേലം, ധർമ്മപുരി ജില്ലകളുടെ അതിർത്തിയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. പ്രസിദ്ധമായ തങ്കമലൈ മുരുകൻ ക്ഷേത്രം സ്ഥിതി ചെയ്യുന്നതിവിടെയാണ്. എല്ലാവർഷവും മെയ് മാസത്തിൽ നടക്കാറുള്ള മാരിയമ്മൻ പൂജ ഇവിടത്തെ പ്രസിദ്ധ ഉൽസവമാണ്. മേട്ടൂർ ഡാമിൽ നിന്നു പിടിച്ച മൽസ്യം ഉടൻ തന്നെ പാചകം ചെയ്തു കൊടുക്കുന്ന കടകൾ സുലഭമാണിവിടെ. [1/28, 11:06 PM] krishnap705: മേട്ടൂർ ഡാം കണ്ട് ചായ കുടിച്ചതിന് ശേഷം ഞങ്ങൾ കൊട്ടയൂർക്ക് പുറപ്പെട്ടു. അതി മനോഹരമായ പ്രകൃതി സൗന്ദര്യം ഉള്ള പ്രദേശമാണ് ശിവഗംഗ ജില്ലയിലെ കൊട്ടയൂർ. അവിടെ എത്തിയ ഞങ്ങൾക്ക് കാവേരി നദിയുടെ പാർശ്വഭാഗം കാണാൻ സാധിച്ചു. വളരെയധികം കൊട്ടത്തോണികൾ ഉണ്ടായിരുന്നു അവിടെ. മൂന്ന്

പേർക്ക് പോകാവുന്ന കൊട്ടത്തോണിയിൽ വളരെ ചുരുങ്ങിയ നിരക്കിന് യാത്ര ചെയ്യാൻ സാധിച്ചു ഞങ്ങൾക്ക്. അഴഗപ്പൻ എന്നയാളുടെ കൊട്ട വഞ്ചിയിലായിരുന്നു യാത്ര. അവിടത്തെ ഭൂപ്രകൃതിയെ കുറിച്ച് തമിഴിൽ വിവരിച്ചു തന്നു ഞങ്ങൾക്ക്.അതിനു ശേഷം 5 കി.മി അകലെയുള്ള കൊളത്തൂർ എന്ന ടൗണിൽ രാത്രി ചിലവഴിച്ചു. ഒരേയൊരു ടൂറിസ്റ്റ് ഹോം മാത്രമുള്ള ഒരു ചെറിയപട്ടണമായിരുന്നു കൊളത്തൂർ. ദോശയും ചപ്പാത്തിയുമായി ഞങ്ങളെ വരവേറ്റത് അവിടത്തെ വലിയ ഹോട്ടലായ ശരവണ ഭവൻ.

പിറ്റേ ദിവസം രാവിലെ 5 മണിയോടെ ഞങ്ങൾ യാത്രയാരംഭിച്ചു. കാവേരി വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന് ഇടയിലൂടെ രണ്ട് മണിക്കൂർ യാത്രചെയ്ത് ഗോപിനാഥം എന്ന ചെറിയ ടൗണിലെത്തി. ചാംരാജ്നഗർ ജില്ലയിലാണ് ഈ ടൗൺസ്ഥിതി ചെയ്യുന്നത്, കാട്ടു കള്ളനായ വീരപ്പന്റെ ജൻമ സ്ഥലമാണിവിടെ. നിലക്കടലയും മറ്റു പയർ വർഗ്ഗങ്ങളുടെയും കൃഷിധാരാളമായി കാണപ്പെട്ടു ഇവിടെ. പ്രാതൽ ഭക്ഷണത്തിന് ശേഷം കർണ്ണാടക അതിർത്തിയിലുള്ള ഹൊഗനക്കൽ ലക്ഷ്യമാക്കി വാഹനം നീങ്ങി.

ഏകദേശം 8.30 തോട് കൂടി ഞങ്ങൾഹൊഗനക്കൽ എത്തി. മൽസ്യ കച്ചവടക്കാരെ കൊണ്ട് നിറഞ്ഞിരിക്കയായിരുന്നു അവിടെ. ഞങ്ങൾ ഏഴുപേർക്ക് ഉപയോഗിക്കാൻ 13 K. g മത്സ്യം വാങ്ങി. ഒന്നര മണിക്കൂർ നീണ്ട കൊട്ട വഞ്ചി യാത്ര കഴിഞ്ഞു വരുമ്പോഴേക്കും വൃത്തിയാക്കി പാചകം ചെയതു വെക്കാമെന്നവർ സമ്മതിച്ചു. കൊട്ട വഞ്ചിയിൽ അതിമനോഹരമായ തവള്ളച്ചാട്ടത്തിനടുത്തേക്ക് കാവേരി നദിയിലൂടെ നീങ്ങിക്കൊണ്ടിരിന്നു. നദിയുടെ ഒരു കരയിൽ തമിഴ്നാടും മറുകരയിൽ കർണ്ണാടകവുമാണ്. തമിഴ്നാട്ടിലെ ധർമ്മപുരി ജില്ലയിലാണ് ഹൊഗനക്കൽ. ഇന്ത്യയിലെ നയാഗ്ര എന്നാണ് ഹൊഗനക്കല്ലി നെ വിശേഷിപ്പിക്കുന്നത്. ഒക്ടോബർ മുതൽ മാർച്ച് വരെയാണ് ഉവിടെ സന്ദർശിക്കാൻ പറ്റിയ സമയം. സമുദ്രനിരപ്പിൽ നിന്ന് 250 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നഉവിടെ ഡിസംബർ, ജനുവരി മാസങ്ങളൽ നല്ല തണുപ്പ് അനുഭവപ്പെടാറുണ്ട്. കൊട്ടത്തോണിയി ലെ യാത്ര മതിയാക്കി തിരികെ എത്തിയപ്പോഴേക്കും ഞങ്ങൾ വാങ്ങിക്കൊടുത്ത മൽസ്യം വൃത്തിയാക്കി വറുത്തു വെച്ചിരുന്നു. പിടിച്ച് അധികം താമസിയാതെ മസാലതേച്ചുപിടിപ്പിച്ച് പാചകം ചെയ്ത മൽസ്യമായതിനാൽ നല്ല രുചിയുണ്ടായിരുന്നു. ബ്രഡും കൂട്ടി ഞങ്ങൾ മൽസ്യത്തിന്റെ രുചി ആസ്വദിച്ചു.

[1/28, 11:34 PM] krishnap705: ഏകദേശം 11.30 തോട് കൂടി ഞങ്ങൾ കഹൊഗനക്കല്ലിൽനിന്ന് തിരിച്ചു. ഒന്നര മണിക്കൂർ തെക്ക് ഭാഗത്തേക്ക് യാത്രചെയ്ത ഞങ്ങൾ കുന്നിൻ മുകളിലുള്ള ഒരു ക്ഷേത്രത്തിൽ ദർശനം നടത്തി. കർണ്ണാടക തമിഴ്നാട് അതിർത്തിയിലുള്ള മാതേശ്വരൻമുടി എന്ന ക്ഷേത്രമായിരുന്നു അത്. വീണ്ടും ഒരു മണിക്കൂർ യാത്ര ചെയ്ത് സമീപത്തുള്ള പള്ളിയിൽ പ്രാർത്ഥന നടത്തി. മുല്ലപ്പൂമാലയാൽ അലങ്കരിച്ച് പുതുവസ്ത്രങ്ങളണിഞ്ഞ് പള്ളിയിൽ പോകുന്ന ഒരു മണവാളനെ ഞങ്ങൾ കണ്ടു. പള്ളിയിൽ വെച്ചായിരു കല്യാണം, അതിന് ദൃക്സാക്ഷികളാകാൻ ഞങ്ങൾ ഏറെനേരം കാത്തിരിക്കേണ്ടി വന്നു. അതിനു ശേഷം ഞങ്ങൾ കൊല്ലഗൽ എന്ന ചെറുപട്ടണത്തിലെത്തി. കർണ്ണാടകയിലെ ചാം രാജ് നഗർ ജില്ലയിൽ പെട്ട ഈ പട്ടണം സിൽക്ക് വ്യവസായത്തിന് പേര് കേട്ടതാണ്. 1956 വരെ മദ്രാസ് പ്രസിഡൻസിക്ക് കീഴിൽ കോയമ്പത്തൂർ ജില്ലയിലാണ് ഇവിടം സ്ഥിതി ചെയ്തിരുന്നത്. മനോഹരമായ സൂര്യകാന്തി തോട്ടങ്ങൾ ഇവിടെ ധാരളമുണ്ട്. ഞങ്ങൾ ഒരു സൂര്യകാന്തി തോട്ടത്തിൽ കയറി കുറെ സമയം ചിലവഴിച്ചു..

കൊല്ലഗലിനു ശേഷം നഞ്ചൻഗുഡ്, ഗുണ്ടൽപേട്ട്, ഗൂഡല്ലൂർ വഴി മടങ്ങാനായിരുന്നു തീരുമാനം. 6 മണിയോടെ നഞ്ചൻഗുഡ് എത്തി. മൈസൂർ ജില്ലയിലെ ഒരു താലൂക്കാണിത്. ദക്ഷിണ കാശി എന്ന് നഞ്ചൻഗുഡിനെ വിശേഷിപ്പിക്കാറുണ്ട്. 11, 12 നൂറ്റാണ്ടുകളിൽ ശൈവകേന്ദ്രമായി അറിയപ്പെട്ടിരുന്ന സ്ഥലമാണ് നഞ്ചൻഗോഡ്. പ്രശസ്തമായ ശ്രീ കണ്ടേശ്വര ക്ഷേത്രം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്ന് ചായ കുടിച്ചതിന് ശേഷം രാത്രി 9 മണിയോടെ ഗൂഡല്ലൂർ എത്തി, അവിടെ നിന്ന് അത്താഴം കഴിച്ച് 11 മണിയോടെ നാട്ടിൽ തിരിച്ചെത്തി.

യാത്രയുടെ തുടക്കം മുതൽ അവസാനം വരെ ഭൂരിഭാഗവും വനാന്തരങ്ങളിലൂടെയുള്ള റോഡ് തിരഞ്ഞെടുത്തതിനാൽ യാത്ര ആനന്ദകരമായിരുന്നു. ഒരിക്കൽ കൂടി ഇവിടെ സന്ദർശിക്കാൻ അവസരം കിട്ടിയാൽ അത് പ്രയോജനപ്പെടുത്തണം എന്ന് ഞങ്ങൾ തിരികെ പോരുമ്പോൾ ചർച്ച ചെയ്യുന്നുണ്ടായിരിന്നു.

By
കൃഷ്ണപ്രസാദ് M. K

# हमारा ज़िन्दगी :एक काला किताब

---------------------------------------------

ज़िन्दगी ईश्वर का उपहार है। जिंदगी एक बड़ा किताब के सामान है। सुख और दुख हमारे जीवन में मेहमानों के समान एक के उपरंत एक आता - जाता है। इस जिंदगी रुपी किताब का ज्यादा अध्याय है- सुख और दुख, प्यार और ममता, हार और जीत आदि। हमें यह सब अध्यायन करना और ज्ञानी बनना है। महान

व्याक्तियों से जो अपने ज़िन्दगी है, अपना संदेश, गांधी के
सामान हमारा ज़िन्दगी हमारा संदेश बनाना चाहिए। हम हमारा ज़िन्दगी आँखों से देखो वह बड़ा मुश्किल है।
लेकिन हम अपने मन से देखो वह बड़ा मज़ा और सुन्दर है। ज़िन्दगी एक काला किताब है। लेकिन प्यार, ममता, जीत , सुख आदि इस काला किताब को सुन्दर बनाते है।

भव्य राज. के
**9-I**

# നന്ദി

തിരക്കിനിടയിലും വായനയുടെ ലോകത്തേക്ക് കാലത്തിനൊപ്പം നിന്ന് ദളങ്ങൾക്ക് ജീവൻ നൽകാൻ സഹായിച്ച എല്ലാ കുട്ടികൾക്കും അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് ആർ.എം .ഹൈസ്കൂളിന്റെ എല്ലാ വിധ നന്ദിയും അറിയിക്കുന്നു.